# താമരമൊട്ടുകൾ

വാല്യം 21 | ഫെബ്രുവരി 2019 | ലക്കം 2 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# THAMARAMOTTUKAL

Registered with Registrar of Newspapers of India
| RNI NO. 71212/99 | Date of Publication : 30 - 01 - 2019 |




വാഴ്ത്തപ്പെട്ട സി. റാണി മരിയ

Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

# Bishop's Programme

## February 2019

| | | |
|---|---|---|
| 01 | 10.00 | Peruvannamuzhi |
| | 16.30 | Valook |
| 02 | 06.30 | Chevayoor |
| | 11.30 | Malaparambu |
| | 15.00 | Karuvarakundu |
| 03 | 10.00 | Chakkittapara |
| | 16.0a0 | Kodancherry |
| 04 | A.M. | Office day |
| | 14.30 | Poothampara |
| 05 | | Kunnoth |
| 06 | | Office day |
| 07 | 10.30 | Erude |
| 08 | | Prayer day |
| 09 | 09.30 | Chakkittapara |
| | 14.30 | Bethania |
| | 15.00 | Chamal |
| | 18.00 | Karanthoor |
| 10 | | Thamarassery - Pastoral visit |
| 11-14 | | Kunnoth |
| 15 | 10.30 | Thamarassery |
| | 16.30 | Poovaramthode |
| 16 | 08.00 | Devagiri |
| | 17.00 | Chelavoor |
| 17 | | Poilomchal - Pastoral visit |
| 18 | | Office day |
| 19 | 10.00 | Thamarassery |
| 19-21 | | PMOC - Junior Clergy |
| 22 | | Office day |
| 23 | 10.00 | Kozhikode |
| | 14.30 | Thamarassery |
| 24 | 17.30 | Venappara |
| 25 | 10.30 | Vettilappara |
| 26 | 16.30 | Kozhikode |
| 27 | | Director's day |
| | 11.00 | Thamarassery |
| 28 | 09.00 | Perambra |

വാല്യം 21 താമരമൊട്ടുകൾ ഫെബ്രുവരി 2019 ലക്കം 02

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



ശിശുക്കളെ എന്റെ അടുത്തുവരാൻ അനുവദിക്കുവിൻ; അവരെ തടയരുത്. എന്തെന്നാൽ, സ്വർഗ്ഗരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്.

(മത്താ 19:14)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 73 |
| 2. | പ്രോഗ്രാം ഫെബ്രുവരി 2019 | 74 |
| 3. | ആശംസകൾ | 75 |
| 4. | സർക്കുലർ | 77 |
| 5. | സർക്കുലർ | 81 |
| 6. | കച്ചേരികാര്യം | 86 |
| 7. | ആദരാഞ്ജലി | 89 |
| 8. | കുടുംബാരോഗ്യ ഇൻഷൂറൻസ് പദ്ധതി | 93 |
| 9. | മതബോധനം | 94 |
| 10. | ബൈബിൾ അപ്പസ്തോലേറ്റ് | 98 |
| 11. | അൽഫോൻസ പാലിയേറ്റീവ് കെയർ | 100 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 101 |
| 13. | മാതൃവേദി | 103 |
| 14. | മദ്യവിരുദ്ധ സമിതി | 104 |
| 15. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 105 |
| 16. | ജീസസ് യൂത്ത് | 106 |
| 17. | ആൽഫാ മരിയ അക്കാദമി | 109 |
| 18. | വിൻസെന്റ് ഡി പോൾ | 110 |
| 19. | കെ.സി.വൈ.എം. | 112 |
| 20. | ഫാമിലി അപ്പോസ്റ്റലേറ്റ് | 115 |
| 21. | മരിയൻ പ്രോലൈഫ് | 115 |
| 22. | ലിറ്റർജി കമ്മീഷൻ | 116 |
| 23. | സ്റ്റാർട്ട് | 117 |
| 24. | RETIREMENT | 118 |
| 25. | എ. കെ. സി. സി. | 119 |
| 26. | വികസനവേദി | 120 |
| 27. | സുവിശേഷ ഭാഗ്യങ്ങൾ (കവിത) | 122 |
| 28. | യേശുനിധി | 123 |
| 29. | അജപാലനക്കുറിപ്പുകൾ | 124 |


# Birth Day Greetings

| | | |
|---|---|---|
| Rev. Fr. | Vellaramkalayil George | 1 |
| | Bp.Mar Paul Chittilappilli | 7 |
| Rev. Fathers | Muttathukudiyil Dominic | 8 |
| | Chennickara Antony | 12 |
| | Palakkattu Joseph | 13 |
| | Varakil Antony | 13 |
| | Nedumala Zacharias | 14 |
| | Pulichamakkal Joseph | 16 |
| | Cherupillattu Varkey | 17 |
| | Kizhakkekunnel Simon | 17 |
| | Kalarickal Thomas | 19 |
| | Pazhukunnel Johnson | 19 |
| | Kizhakkarakatt Augustine (Sr) | 19 |
| | Chuvappunkal Thomas | 24 |
| | Aranjaniolickal Joseph (Sr) | 25 |
| | Thalachirakuzhi Kurian | 25 |
| | Mattakottil Mathew | 27 |
| | Kizhakkarakatt Augustine (Jr) | 27 |
| | Vamattathil Augustine | 27 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ഫെബ്രുവരി 2019

| | | |
|---|---|---|
| 01 | വെള്ളി | ബഥാനിയ : ജാഗരണപ്രാർത്ഥന |
| 02 | ശനി | ക്രിസ്റ്റീൻ: ആനിമേറ്റേഴ്സ് കൂട്ടായ്മ - പെരിന്തൽമണ്ണ, |
| | | ആനിമേറ്റേഴ്സ് കൂട്ടായ്മ - കരുവാരക്കുണ്ട് |
| | | നവീകരണമുന്നേറ്റം: സോണൽ മീറ്റിംഗ് - അശോകപുരം |
| 03 | ഞായർ | PBI: Class for Advanced Diploma Course in Theology |
| | | ബഥാനിയ: വൈദിക വിദ്യാർത്ഥികൾക്കുവേണ്ടി ധ്യാനം(3-8) |
| | | ജീസസ്സ് യൂത്ത്: കൗൺസിൽ മീറ്റിംഗ്, ഹൗസ് ഹോൾഡ് |
| 04 | തിങ്കൾ | വി. ജോൺ ബ്രിട്ടോ, പ്രീ-കാനാ കോഴ്സ് (4-7) |
| 05 | ചൊവ്വ | ജീസസ്സ് യൂത്ത്: സോണൽ ഇന്റർസെഷൻ |
| 07 | വ്യാഴം | **ജന്മദിനം - മാർ പോൾ ചിറ്റിലപ്പിള്ളി** |
| 08 | വെള്ളി | ജീസസ്സ് യൂത്ത്: ഫിലിപ്പ് കോഴ്സ് (8-10) |
| 09 | ശനി | കെ.സി.വൈ.എം.: അർധവാർഷിക സെനറ്റ് മീറ്റിംഗ് |
| | | ക്രിസ്റ്റീൻ: ആനിമേറ്റേഴ്സ് കൂട്ടായ്മ - വിലങ്ങാട് |
| 11 | തിങ്കൾ | **ലൂർദ് മാതാവ്**, രോഗീദിനം, |
| | | ചരമദിനം: ഫാ. പോൾ കളപ്പുര |
| 12 | ചൊവ്വ | ജീസസ്സ് യൂത്ത്: ഹൗസ് ഹോൾഡ് സിറ്റി |
| | | നവീകരണമുന്നേറ്റം: സർവ്വീസ് ടീം മിനിസ്ട്രീസ് |
| 16 | ശനി | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവധ്യാനം(16-21) |
| | | നവീകരണമുന്നേറ്റം: ഇന്റർസെഷൻ - താമരശ്ശേരി |
| 17 | ഞായർ | മതബോധനം: HCC SAY പരീക്ഷ |
| | | ജീസസ്സ് യൂത്ത്: എമ്മാവൂസ് കോഴ്സ് (15,16 സെഷൻ) |
| 19 | ചൊവ്വ | **പ്രിസ്ബിറ്ററൽ കൗൺസിൽ** |
| 21 | വ്യാഴം | നവീകരണമുന്നേറ്റം: സോണൽ സർവ്വീസ് ടീം മീറ്റിംഗ് - ബാലുശ്ശേരി |
| 23 | ശനി | മലബാർ വിഷൻ എഡിറ്റോറിയൽ മീറ്റിംഗ് |
| | | ജീസസ്സ് യൂത്ത്: ടീൻസ് ടീം മീറ്റിംഗ് |
| | | നവീകരണമുന്നേറ്റം: മിഷൻ നൈറ്റ് വിജിൽ - അമലാപുരി |
| 24 | ഞായർ | ചരമദിനം: ഫാ. മാത്യു മുതിരചിന്തിയിൽ |
| | | ജീസസ്സ് യൂത്ത്: കാമ്പസ് ടീം മീറ്റിംഗ്, സോണൽ അസംബ്ലി |
| 25 | തിങ്കൾ | **വാ. സി. റാണി മരിയ** |
| 27 | ബുധൻ | അഭിവന്ദ്യ പിതാവ് ഡയറക്ടർമാരെ കാണുന്നു |
| | | നവീകരണമുന്നേറ്റം: ഇന്റർസെഷൻ സബ്സോണുകളിൽ |


മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്
രൂപതാകുടുംബത്തിന്റെ
ജന്മദിനാശംസകൾ...
FEBRUARY 7


താമരശ്ശേരി രൂപതയുടെ നവാഭിഷിക്തർക്ക്
അഭിനന്ദനങ്ങളും പ്രാർത്ഥനകളും...
ഫാ. കുര്യാക്കോസ് പുത്തൻവീട്ടിൽ, മൊതക്കര
26-12-2018


ഫാ. ചാക്കോ കോതാനിക്കൽ, പുല്ലൂരാംപാറ
27-12-2018

Ref: 3170/K-5/KCBC/OL/DS

# 2019 ഫെബ്രുവരി 10 തിരുബാലസഖ്യദിനം

**കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

കഴിഞ്ഞ 175 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യംവച്ച് ആഗോള കത്തോലിക്കാസഭയിൽ മുഴുവൻ പ്രവർത്തി ക്കുന്ന കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് തിരുബാലസഖ്യം സ്ഥാപിച്ചത്. 1922-ൽ 11-ാം പീയൂസ് പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവി യിലേക്ക് ഉയർത്തുകയും 1950-ൽ 12-ാം പീയൂസ് പാപ്പ തിരുബാല സഖ്യദിനം സാർവത്രിക സഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കു കയും ചെയ്തു. ഈ ആഹ്വാനമനുസരിച്ച് എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ് ഭാരതസഭ തിരുബാല സഖ്യദിനമായി ആചരിക്കുന്നത്. തിരുബാലസഖ്യത്തിലെ അംഗ ങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർ ഷത്തെ തിരുബാലസഖ്യദിനത്തിന്റെ (10.02.2019) എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ നന്നായി വളർ ത്തുകയെന്നത്, കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹ ത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക പ്രബോധന ത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്കാ 2:51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുക്കുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധമറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊ ണ്ടുവരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവഹണത്തിൽ അവരുടെ മാതൃക. ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും

കത്തോലിക്കാ ചൈതന്യത്തിൽ ജീവിക്കുകയും സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന മാതാപിതാക്കളുടെ ജീവിതമാതൃക കുട്ടികളുടെ സമഗ്രനന്മയ്ക്ക് ഉപകരിക്കും. ഭവനത്തിൽ സമ്മേളിക്കുന്ന സഭയെക്കുറിച്ച് എന്നും വാചാലനാകുന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകളിൽ "വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും ആസ്വദിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അയല്ക്കാരനെ സേവിക്കുന്നതിനും നമ്മൾ പഠിക്കുന്ന ഇടമായി വീട് തുടരണം" (സ്നേഹത്തിന്റെ ആനന്ദം, 287) ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ചുള്ള അപ്പസ്തോലിക ഉദ്ബോധനമായ "ആനന്ദിച്ച് ആഹ്ളാദിക്കുവിൻ" മാതാപിതാക്കളെ ക്ഷണിക്കുന്നത്, യേശുവിനെ അനുഗമിക്കുന്നത് എപ്രകാരമെന്ന് കുട്ടികളെ ക്ഷമാപൂർവ്വം പഠിപ്പിച്ചുകൊണ്ട് വിശുദ്ധരാകാനാണ് (14).

കുടുംബാംഗങ്ങളോടുള്ള, പ്രത്യേകമായി മാതാപിതാക്കന്മാരോടുള്ള ഊഷ്മളമായ ബന്ധം കുട്ടികളുടെ വളർച്ചയ്ക്ക് അത്യാവശ്യമാണ്. ചിലപ്പോഴെങ്കിലും ഒരേ വീട്ടിൽ ജീവിക്കുന്നവർ പരസ്പരം സംസാരിക്കാതെയും ഒരുമിച്ചു പ്രാർത്ഥിക്കാതെയും ഭക്ഷിക്കാതെയും കഴിയുന്നു എന്നത് തികച്ചും ദുഃഖകരമായ കാര്യമാണ്. കൊച്ചുകുട്ടികളെ ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച് ടി.വി.യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെ സാങ്കേതികതലത്തിൽ കുട്ടികളുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗത്തിലൂടെ സ്വന്തം ലോകത്തിലേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ അവർക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു. കുട്ടികളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വില്ക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. കുട്ടികൾ ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനും അവിശുദ്ധ ബന്ധങ്ങളിലേക്ക് കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശബ്ദതകളും തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതരായി നയിക്കാൻ എല്ലാ മാതാപിതാക്കളും ശ്രദ്ധിക്കണം.

നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ് ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ. പ്രാർത്ഥനയ്ക്കും സഹനത്തിനും ത്യാഗത്തിനും നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് പവിത്രമായ കുടുംബബന്ധങ്ങളിൽ പോലും ഉലച്ചിൽ സംഭവിക്കുന്നു. ഓരോ ദിവസവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആശയ വിനിമയസംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന

മായികപ്രപഞ്ചവും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമസംസ്കാരവും കുട്ടികളുടെ സ്വഭാവരൂപീകരണ ത്തിനും വിശ്വാസരൂപീകരണത്തിനും ധാരാളം പ്രതിസന്ധികൾ ഉണ്ടാക്കുന്നവയാണ്. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളു മായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭ യെയും കൂദാശകളെയും സഭാധികാരികളെയും സന്ന്യാസ-പൗരോ ഹിത്യങ്ങളെയും അവഹേളനപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ വിശ്വാ സ്യത കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറി യണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യ ബോധവും വിശ്വാസപരിശീലനവും നല്കാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെ ഏറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർ ത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

"കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ; കുട്ടികൾ കുട്ടികൾക്കു വേണ്ടി പ്രാർത്ഥിക്കട്ടെ'' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാ ഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആദ്ധ്യാത്മിക സംരക്ഷ ണത്തിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യ ത്തിന് സാധിക്കുന്നു. നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാല സഖ്യാംഗ ങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യ പ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്നുനില്ക്കുവാൻ സഹായിക്കും.

ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. നസ്ര ത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാകണം. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ യേശുവിന്റെ ബാല്യത്തെ അനുസ്മരിച്ചു കൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളായി മാറേണ്ട തിന്റെ ആവശ്യകതയെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് പ്രവർ ത്തിക്കുവാൻ നമുക്കേവർക്കും കഴിയണം. അനുദിനം അകന്നു പോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ

വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയ കുട്ടികളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് ഞാൻ സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായിത്തീരാൻ പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

---

NB: ഈ സർക്കുലർ ഫെബ്രുവരി 10-ാം തിയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ വിശദീക രിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.



Ref: 3171/K-5/KCBC/OL/DS

# ഇരുപത്തിയേഴാം ആഗോള രോഗീദിനം - 2019

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

***'ദാനമായി നിങ്ങൾക്കുകിട്ടി; ദാനമായിത്തന്നെ കൊടുക്കുവിൻ'***

***(മത്താ 10:8)***

പ്രിയ സഹോദരീസഹോദരന്മാരേ,

"ദാനമായി നിങ്ങൾക്കുകിട്ടി, ദാനമായിത്തന്നെ കൊടുക്കുവിൻ" (മത്താ 10:8). സൗജന്യ സ്നേഹപ്രവൃത്തികളിലൂടെ തന്റെ രാജ്യം വളരുന്നതിനുവേണ്ടി അപ്പസ്തോലന്മാരെ സുവിശേഷം പ്രചരിപ്പിക്കാൻ അയച്ചപ്പോൾ യേശു പറഞ്ഞതാണ് ഈ വാക്കുകൾ.

ഇരുപത്തിയേഴാം ആഗോളരോഗീദിനം ഇൻഡ്യയിൽ കൽക്കട്ടയിൽ വച്ച് 2019 ഫെബ്രുവരി 11-ന് ആഘോഷപൂർവ്വം ആചരിക്കുകയാണ്. ഇത്തരുണത്തിൽ, സുവിശേഷവത്കരണത്തിന് ഏറ്റവും വിശ്വാസ്യതയുള്ള മാർഗം നല്ല സമരിയാക്കാരന്റേതുപോലെയുള്ള പ്രവൃത്തികളാണെന്ന് സഭ - തന്റെ മക്കൾക്കെല്ലാം, പ്രത്യേകിച്ച് രോഗികൾക്ക്, ഒരു അമ്മയെപ്പോലെ - നമ്മെ അനുസ്മരിപ്പിക്കുന്നു. രോഗീപരിചരണത്തിന് വൈദഗ്ധ്യവും വാത്സല്യവും ആവശ്യമാണ്. ഒപ്പം, സ്നേഹിക്കപ്പെടുന്ന അനുഭവം അവരിൽ ഉളവാക്കുന്ന തലോടൽ പോലുള്ള ആത്മാർത്ഥവും ലളിതവുമായ അടയാളങ്ങളും വേണം.

ജീവൻ ദൈവത്തിൽനിന്നുള്ള ദാനമാണ്. വിശുദ്ധ പൗലോസ് ചോദിക്കുന്നു: "ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്?" (1 കോറി 4:7) മനുഷ്യജീവിതം ഒരു ദാനമായതിനാൽത്തന്നെ, അതിനെ ഒരു സ്വകീയസമ്പത്തോ സ്വകാര്യസ്വത്തോ ആയി ചുരുക്കാൻ പാടില്ല. വൈദ്യശാസ്ത്രപരവും ജൈവസാങ്കേതികവിദ്യാപരവുമായ പുരോഗതികൾ "ജീവന്റെ വൃക്ഷ"ത്തിൽ (cf. ഉത്പ 3,24) കൈവയ്ക്കാൻ നമുക്കു പ്രലോഭനമാകുന്നുണ്ടെന്ന് ഓർക്കണം.

ധൂർത്തിന്റെയും നിസ്സംഗതയുടെയും ഇന്നത്തെ സംസ്കാരത്തിൽ ഒരു വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ താൻപോരിമയ്ക്കും സാമൂഹികവിഘടനത്തിനും വെല്ലുവിളിയുയർത്താൻ പര്യാപ്തമാണ് "ദാനം" എന്ന കാറ്റഗറി. അതേസമയം, ജനതകളും സംസ്കാരങ്ങളും തമ്മിൽ നൂതനങ്ങളായ ബന്ധങ്ങളും സഹകരണമാർഗങ്ങളും പരിപോഷിപ്പിക്കാനും അതിനു കഴിയും. ദാനത്തിന്റെ മുൻവ്യവസ്ഥയായ സംവാദം, സമൂഹത്തിൽ നിലനില്ക്കുന്ന അധികാരവിനിയോഗരീതികളെ തിരുത്താൻ കഴിവുള്ള മാനുഷിക വളർച്ചയ്ക്കും പുരോഗതിക്കുമുള്ള സാധ്യതകൾ സൃഷ്ടി

ക്കുന്നു. ദാനമെന്നാൽ കേവലം സമ്മാനം നല്കലല്ല. വസ്തുക്കളോ സാധനങ്ങളോ വിനിമയം ചെയ്യലല്ല അത്; മറിച്ച് സ്വയംദാനമാണ്. "ദാനം" എന്നത് സമ്മാനം കൊടുക്കലിൽനിന്നും വ്യത്യസ്തമാണ്. കാരണം, അതിൽ തന്നെത്തന്നെ നല്കലും ഒരു ബന്ധം സ്ഥാപിക്കാനുള്ള ആഗ്രഹവും ഉൾക്കൊള്ളുന്നു. ഇത് മറ്റുള്ളവരെ അംഗീകരിക്കലാണ്. അതാണല്ലോ സമൂഹത്തിന്റെ അടിസ്ഥാനം. ദാനമെന്നത് പുത്രന്റെ മനുഷ്യാവതാരത്തിലും പരിശുദ്ധാത്മവർഷത്തിലും പരമകോടിയിലെത്തുന്ന ദൈവസ്നേഹത്തിന്റെ ഒരു പ്രതിഫലനമാണ്.

നാമെല്ലാം ദരിദ്രരും ആവശ്യങ്ങളുള്ളവരും അഗതികളുമാണ്. നമ്മൾ ജനിക്കുമ്പോൾ മാതാപിതാക്കളുടെ ശുശ്രൂഷ നമുക്ക് ജീവിക്കാൻ ആവശ്യമായിരിക്കുന്നു. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ഏതെങ്കിലും തരത്തിൽ മറ്റുള്ളവരുടെ സഹായത്തെ നാം ആശ്രയിക്കുന്നു. മറ്റു വ്യക്തികളുടെയും സാഹചര്യങ്ങളുടെയും മുമ്പിൽ "സൃഷ്ടികൾ" എന്ന നിലയിൽ നമ്മുടെ പരിമിതികളെക്കുറിച്ച് നാം എപ്പോഴും അവബോധമുള്ളവരാണ്. ഈ സത്യത്തിന്റെ ആത്മാർത്ഥമായ അംഗീകരണം നമ്മെ വിനീതരായി സൂക്ഷിക്കും. ജീവിതത്തിലെ സത്താപരമായ ഒരു പുണ്യമെന്ന നിലയിൽ ഐക്യദാർഢ്യം അഭ്യസിക്കാൻ അതു പ്രേരിപ്പിക്കും.

വ്യക്തിപരവും സാമൂഹികവുമായ നന്മ വളർത്താൻ ഉത്തരവാദിത്വപൂർവം പ്രവർത്തിക്കുന്നതിന് അത്തരം ഒരു അംഗീകരണം നമ്മെ പ്രേരിപ്പിക്കും. നാം നമ്മെത്തന്നെ വേർപെട്ട ഒരു ലോകമായി കാണാതെ മറ്റുള്ളവരുമായുള്ള സഹോദരപരമായ ബന്ധത്തിൽ കാണണം. എങ്കിൽ മാത്രമേ പൊതു നന്മയെ ലക്ഷ്യം വയ്ക്കുന്ന ഐക്യദാർഢ്യത്തിന്റെ സാമൂഹിക അഭ്യസനം വികസിപ്പിക്കാൻ കഴിയുകയുള്ളൂ. ആവശ്യത്തിൽപ്പെട്ടവരും മറ്റുള്ളവരെ ആശ്രയിക്കുന്നവരുമായി നമ്മെത്തന്നെ കാണാൻ നാം ഭയപ്പെടരുത്. സ്വപ്രയത്നംകൊണ്ടുതന്നെ വ്യക്തിപരമായി നമ്മുടെ പരിമിതികളെ അതിജീവിക്കാൻ നമുക്കു കഴിയില്ലല്ലോ. അതിനാൽ ആ പരിമിതികളെ അംഗീകരിക്കാൻ നാം ഭയപ്പെടരുത്. ദൈവം തന്നെ യേശുക്രിസ്തുവിൽ വിനയപൂർവ്വം നമ്മിലേക്ക് ഇറങ്ങി വന്നു (cf. ഫിലി 2:8). ഇന്നും അങ്ങനെ ചെയ്യുന്നുണ്ട്. നമ്മുടെ ദാരിദ്ര്യത്തിൽ അവിടന്ന് നമ്മെ സഹായിക്കാൻ വരുകയും നമ്മുടെ ഭാവനയ്ക്ക് അതീതമായ ദാനങ്ങൾ നമുക്കു നല്കുകയും ചെയ്യുന്നു.

ഇൻഡ്യയിൽവച്ചുള്ള ആഘോഷത്തിന്റെ വെളിച്ചത്തിൽ സന്തോഷത്തോടും വിസ്മയത്തോടുംകൂടി കൽക്കട്ടയിലെ മദർ തെരേസയെ ഓർമ്മിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പരസ്നേഹത്തിന്റെ മാതൃകയായ അവർ ദരിദ്രരോടും രോഗികളോടും ദൈവത്തിനുള്ള സ്നേഹം ദൃശ്യമാക്കി. അവരെ വിശുദ്ധ രുടെ പദവിയിലേക്ക് ഉയർത്തിയപ്പോൾ ഞാൻ ഇങ്ങനെ പറഞ്ഞിരുന്നു: "മദർ തെരേസ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ദൈവിക കരുണയുടെ ഉദാരയായ വിതരണക്കാരിയായിരുന്നു. മനുഷ്യജീവനെ -ഗർഭസ്ഥശി

ശുക്കളുടെയും പരിത്യക്തരുടെയും ജീവനെ - സ്വീകരിച്ച് സംരക്ഷിക്കുന്നതിനുവേണ്ടി മദർതെരേസ എല്ലാവർക്കും സ്വയം സംലഭ്യയാക്കി. തെരുവീഥിയിൽ മരിക്കാൻവേണ്ടി ഉപേക്ഷിക്കപ്പെട്ടവരുടെ മുമ്പിൽ അവരിലുള്ള ദൈവമഹത്ത്വം കണ്ടുകൊണ്ട് അവൾ തലകുനിച്ചു. തങ്ങൾ സൃഷ്ടിച്ച ദാരിദ്ര്യമെന്ന കുറ്റകൃത്യത്തിന്റെ - അതെ, കുറ്റകൃത്യംതന്നെ! - പാപഭാരം തിരിച്ചറിയും വിധം ഈ ലോകത്തിലെ അധികാരകേന്ദ്രങ്ങൾക്കു മുമ്പിൽ അവൾ തന്റെ സ്വരം കേൾപ്പിച്ചു. മദർ തെരേസയുടെ അധ്വാനത്തെ മധുരമുള്ളതാക്കിയ 'ഉപ്പ്' കാരുണ്യമായിരുന്നു. ദാരിദ്ര്യംകൊണ്ടും സഹനം കൊണ്ടും കരഞ്ഞു കണ്ണുനീർ വറ്റിയവർക്ക് അന്ധകാരത്തിൽ തെളിഞ്ഞ 'പ്രകാശം' അതായിരുന്നു. നഗരത്തിന്റെയും അസ്തിത്വത്തിന്റെയും അരികുകളിൽ അവൾ നിർവഹിച്ച ദൗത്യം, ദരിദ്രരിൽ ദരിദ്രരായവരോട് ദൈവത്തിനുള്ള അടുപ്പത്തിന്റെ ശക്തമായ സാക്ഷ്യമാണ് നമുക്ക് ഇന്നു നല്കുന്നത്" (Homily 4 Sept. 2016).

ഓരോ മനുഷ്യനോടും ഭാഷാപരമോ സംസ്കാരപരമോ വംശപരമോ മതപരമോ ആയ വ്യത്യാസം ഇല്ലാത്തതും സ്വാർത്ഥതയില്ലാത്തതുമായ സ്നേഹമായിരിക്കണം നമ്മുടെ പ്രവർത്തനത്തിന്റെ ഏകമാനദണ്ഡമെന്നു മനസ്സിലാക്കുവാൻ വിശുദ്ധ മദർ തെരേസാ നമ്മെ സഹായിക്കുന്നു. മനസ്സിലാക്കപ്പെടലും വാത്സല്യപൂർവകമായ സ്നേഹവും ആവശ്യമായിരിക്കുന്ന എല്ലാവർക്കും - പ്രത്യേകിച്ച് സഹിക്കുന്നവർക്ക് - സന്തോഷത്തിന്റെയും പ്രത്യാശയുടെയും ചക്രവാളങ്ങൾ തുടർന്നുകൊണ്ട് മദർ തെരേസയുടെ മാതൃക നമ്മെ ഇപ്പോഴും നയിച്ചുകൊണ്ടിരിക്കുന്നു.

ആരോഗ്യ ശുശ്രൂഷയിൽ ഏറെ പ്രാധാന്യമുള്ള സന്നദ്ധസേവകരുടെ പ്രവർത്തനത്തെ പ്രചോദിപ്പിക്കുന്നതും നിലനിർത്തുന്നതും ഉദാരതയാണ്. അവർ നല്ല സമരിയാക്കാരന്റെ ആദ്ധ്യാത്മികത വാചാലമാകുംവിധം സ്വന്തമാക്കിയിരുന്നു. രോഗികളെ സഹായിക്കുന്ന സന്നദ്ധസംഘടനകളോടും രക്തം, ടിഷ്യുകൾ, അവയവങ്ങൾ എന്നിവയുടെ ദാനം ഏർപ്പെടുത്തുന്നവരോടും ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു. അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സാന്നിധ്യത്തിലൂടെ പ്രകടമാകുന്ന സഭയുടെ കരുതലിന്റെയും പരിഗണനയുടെയും ഒരു പ്രത്യേകമേഖ ഇതാണ് - രോഗികളുടെ, പ്രത്യേകിച്ച് സവിശേഷ പരിചരണം ആവശ്യമുള്ളവരുടെ അവകാശങ്ങൾക്കായി വാദിക്കുക. രോഗങ്ങളെ തടയുന്നതിനുവേണ്ടിയുള്ള അറിവും പ്രോത്സാഹനവും നല്കുവാൻ വേണ്ടി നടത്തുന്ന വിവിധ പരിശ്രമങ്ങളെക്കൂടി ഞാൻ ഇവിടെ സൂചിപ്പിക്കുന്നു. ആശുപത്രികളിലും വീടുകളിലും നിങ്ങൾ ചെയ്യുന്ന സന്നദ്ധസേവനം ഏറ്റവും പ്രധാനപ്പെട്ടതാണ്. അതിൽ ആരോഗ്യ ശുശ്രൂഷയും ആദ്ധ്യാത്മിക പിൻതുണയും അടങ്ങിയിട്ടുണ്ട്. രോഗികളും ഒറ്റപ്പെട്ടവരും വൃദ്ധരും മാനസികമോ ശാരീരികമോ ആയ ദുർബലതയുള്ളവരും ഈ സേവനത്തിൽ നിന്ന് ഉപകാരം നേടുന്നുണ്ട്. മതാഭിമുഖ്യമില്ലാത്ത ഒരു ലോകത്ത് സഭയുടെ സാന്നിധ്യത്തിന്റെ അടയാളമായി തുടരുവാൻ ഞാൻ നിങ്ങളെ നിർബന്ധിക്കുന്നു. ഒരു വോളന്റിയർ നല്ല സുഹൃത്താണ്. വ്യക്തിപരമായ ചിന്തകളും വികാരങ്ങളും അയാളുമായി പങ്കുവയ്ക്കാം. വോളന്റിയർമാർ ക്ഷമാപൂർവം ശ്രവിക്കുന്നു. അങ്ങനെ അവർ രോഗികളെ നിഷ്ക്രിയ

രായ സ്വീകർത്താക്കൾ എന്ന നിലയിൽ നിന്ന് സജീവ പങ്കാളികളാക്കുന്നു. ആ ബന്ധം പ്രത്യാശ നല്കുന്നു; കൂടുതൽ ചികിത്സയ്ക്ക് പ്രചോദനം നല്കുന്നു. ഉദാരമതിയാകാനുള്ള അഗാധമായ ആഗ്രഹത്തിൽനിന്ന് ഉദ്ഭൂതമാകുന്ന മൂല്യങ്ങളും സ്വഭാവങ്ങളും ജീവിതശൈലികളുമാണ് സന്നദ്ധസേവനം പകർന്നുനല്കുന്നത്. ആരോഗ്യസംരക്ഷണം കൂടുതൽ മാനുഷികമാക്കാനുള്ള ഒരു മാർഗം കൂടിയാണിത്.

കത്തോലിക്കാ ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളെ – വികസിത പ്രദേശങ്ങളിലായാലും ദാരിദ്ര്യമുള്ള പ്രദേശങ്ങളിലായാലും – ഉദാരതയുടെ ചൈതന്യമാണ് സവിശേഷമാംവിധം പ്രചോദിപ്പിക്കേണ്ടത്. കാരണം അവ തങ്ങളുടെ പ്രവൃത്തികൾ ചെയ്യുന്നത് സുവിശേഷത്തിന്റെ വെളിച്ചത്തിലാണ്. എങ്ങനെയും ലാഭമുണ്ടാക്കുക, തിരിച്ചുകിട്ടാൻവേണ്ടി കൊടുക്കുക, ജനങ്ങളെ പരിഗണിക്കാതെ ചൂഷണം ചെയ്യുക എന്നിങ്ങനെയുള്ള മനോഭാവങ്ങളോടുള്ള പ്രത്യുത്തരമായി കത്തോലിക്കാസ്ഥാപനങ്ങൾ ആത്മദാനത്തിന്റെയും ഔദാര്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും മാതൃക നല്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ഉദാരതയുടെയും ദാനത്തിന്റെയും സംസ്കാരത്തെ വളർത്താൻ എല്ലാ തലങ്ങളിലുമുള്ള ഓരോവ്യക്തിയെയും ഞാൻ നിർബന്ധിക്കുന്നു. ലാഭത്തിന്റെയും ധൂർത്തിന്റെയും സംസ്കാരത്തെ കീഴടക്കാൻ അത് അത്യന്താപേക്ഷിതമാണ്. കത്തോലിക്കാ ആരോഗ്യസംരക്ഷണകേന്ദ്രങ്ങൾ കേവലം ബിസിനസ് നടത്തുന്നതിന്റെ കെണിയിൽ വീഴരുത്. അവർ ലാഭത്തെക്കാൾ കൂടുതലായി വ്യക്തിപരമായ ശുശ്രൂഷയെ പരിഗണിക്കണം. ആരോഗ്യം ആപേക്ഷികമാണെന്നും അത് മറ്റുള്ളവരുമായുള്ള ബന്ധത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും അതിന് വിശ്വാസവും സൗഹൃദവും ഐക്യദാർഢ്യവും ആവശ്യമാണെന്നും നമുക്കറിയാം. പങ്കുവയ്ക്കുമ്പോൾ മാത്രം പൂർണമായി ആസ്വദിക്കാൻ കഴിയുന്ന നിധിയാണത്. ഒരു ക്രൈസ്തവന്റെ ആരോഗ്യത്തിന്റെ ബാരോമീറ്റർ ഉദാരതാപൂർണമായ ദാനത്തിന്റെ സന്തോഷമാണ്.

ഞാൻ നിങ്ങളെ എല്ലാവരെയും 'രോഗികളുടെ ആരോഗ്യം' ആയ മറിയത്തിൽ സമർപ്പിക്കുന്നു. സംവാദത്തിന്റെ ചൈതന്യത്തിലും പരസ്പരസ്വീകരണത്തിലും നാം സ്വീകരിച്ച ദാനങ്ങൾ പങ്കുവയ്ക്കാൻ അവൾ നമ്മെ സഹായിക്കട്ടെ. പരസ്പര ആവശ്യങ്ങൾ ശ്രദ്ധിച്ച് സഹോദരീസഹോദരന്മാരായി ജീവിക്കാനും ഉദാരതയുള്ള ഹൃദയത്തിൽ നിന്നു നല്കാനും മറ്റുള്ളവർക്ക് നിസ്വാർത്ഥസേവനം ചെയ്യാനും സഹായിക്കട്ടെ. പ്രാർത്ഥനയിലുള്ള എന്റെ അടുപ്പം ഞാൻ സ്നേഹത്തോടെ ഉറപ്പുപറയുന്നു. എല്ലാവർക്കും എന്റെ അപ്പോസ്തോലികാശീർവാദം ഹൃദയപൂർവ്വം നല്കുന്നു.

**ഫ്രാൻസിസ് മാർപാപ്പ**

വത്തിക്കാൻസിറ്റി, 25 നവംബർ, 2018

# കച്ചേരിക്കാര്യം

## 1. വൈദികരുടെ സ്ഥലമാറ്റവും നിയമനവും

ബഹു. വൈദികർ:

| | | |
|---|---|---|
| അക്കൂറ്റ് ജേക്കബ് ഒ.എസ്.എഫ്.എസ്. | : | ചുമതലയിൽ നിന്ന് വിടുതൽ |
| ആലപ്പാട്ടുകോട്ടയിൽ ജോസഫ് | : | അസി. വികാരി,പുല്ലൂരാംപാറ |
| ചീരമറ്റത്തിൽ സെബാസ്റ്റ്യൻ | : | അസി. വികാരി, കൂരാച്ചുണ്ട് |
| കളപ്പുരയ്ക്കൽ ജോസഫ് | : | അസി. വികാരി, കൂടരഞ്ഞി |
| കാരക്കാട്ട് ക്രിസ്റ്റോ | : | അസി. വികാരി, ചേവായൂർ |
| കാരക്കാട്ട് സെബാസ്റ്റ്യൻ | : | ചുമതലയിൽ നിന്ന് വിടുതൽ |
| കൊച്ചുകൈപ്പയിൽ കുര്യാക്കോസ് | : | അസി. വികാരി, തോട്ടുമുക്കം |
| കൊച്ചുമുറിയിൽ തോമസ് | : | അസി. ഡയറക്ടർ, ബഥാനിയ |
| കൊല്ലംപറമ്പിൽ മാത്യു | : | ഡയറക്ടർ, കമ്മ്യൂണിക്കേഷൻ |
| കോതാനിക്കൽ ചാക്കോ | : | അസി. വികാരി, തിരുവമ്പാടി |
| കോട്ടയ്ക്കൽ മാത്യു | : | അസി. വികാരി, ചക്കിട്ടപാറ |
| പുത്തൻവീട്ടിൽ കുര്യാക്കോസ് | : | അസി. വികാരി, കോടഞ്ചേരി |
| തുണ്ടത്തിൽ സ്കറിയ | : | അസി. വികാരി, പാറോപ്പടി |

## 2. വൈദിക സമിതി സമ്മേളനം

പത്താമത് വൈദിക സമിതിയുടെ അടുത്ത സമ്മേളനം 2019 ഫെബ്രുവരി 19-ാം തീയതി രാവിലെ 10.30 ന് രൂപതാഭവനിൽ ക്രമീകരിച്ചിരിക്കുന്നു. ബഹു. അംഗങ്ങളെല്ലാവരും പങ്കെടുക്കേണ്ടതാണ്.

## 3. ലോക രോഗീദിനം

ലൂർദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11-ാം തീയതി ലോക രോഗീദിനമായി സഭ ആചരിക്കുന്നു. ഈ ദിവസമോ ഇതിനടുത്ത ദിവസങ്ങളിലോ രോഗികളായി നമ്മുടെ ഇടവകളിലെ കുടുംബങ്ങളിൽ കഴിയുന്നവർക്ക് ആവശ്യാനുസരണം കുമ്പസാരിപ്പിച്ച് വി. കുർബാന നൽകുന്നത് നല്ലതായിരിക്കും.

## 4. തിരുബാല സഖ്യദിനം

ഫെബ്രുവരി 10 ഞായറാഴ്ച തിരുബാല സഖ്യദിനമായി സഭ ആചരിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളെ ഈശോയുടെ സ്നേഹത്തിലും സംരക്ഷണത്തിലും കാത്തുസൂക്ഷിക്കാനുള്ള ഒരു വേദിയായി തിരുബാലസഖ്യം ഇടവകകളിൽ പ്രവർത്തിക്കണം. തിരുബാലസഖ്യദിനത്തിൽ കുഞ്ഞുങ്ങളെ പ്രത്യേകമായി സമർപ്പിച്ച് പ്രാർത്ഥിക്കേണ്ടതാണ്. പ്രത്യേക സംരക്ഷണം ആവശ്യമുള്ള കുഞ്ഞുങ്ങൾക്കുവേണ്ടി ആഗോളതലത്തിൽ നടത്തുന്ന പ്രത്യേക പിരിവ്

ഈ ദിവസം നടത്തുകയും അത് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

### 5. ജൂനിയർ ക്ലർജി സെമിനാർ

ജനുവരി മാസം നടക്കേണ്ടിയിരുന്ന ജൂനിയർ ക്ലർജി സെമിനാർ പി.എം.ഒ.സി.യിൽ 2019 ഫെബ്രുവരി 19-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 7 മണിക്ക് ആരംഭിക്കുന്നതും 21-ാം തീയതി വ്യാഴാഴ്ച അത്താഴത്തോടെ സമാപിക്കുന്നതുമാണ്.

### 6. സ്റ്റാറ്റിസ്റ്റിക്കൽ ഫോം

നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും കൃത്യമായ വിവരശേഖരണത്തിന്റെ ഭാഗമായി എല്ലാ വർഷവും അയയ്ക്കുന്ന നിർദ്ദിഷ്ടഫോം ഈ വർഷവും ഇടവകകളിലേക്ക് അയച്ചിട്ടുണ്ട്. മാർച്ച് 15ന് മുമ്പായി ഈ ഫോം പൂരിപ്പിച്ച് ചാൻസലറുടെ പേരിൽ അയച്ചു നൽകേണ്ടതാണ്.

### 7. പ്രളയദുരിതാശ്വാസ നിധി

പ്രളയത്തിലും മണ്ണിടിച്ചിലിലും ഭവനരഹിതരായവരെയും നാശനഷ്ടങ്ങൾ സംഭവിച്ചവരെയും സഹായിക്കുന്നതിനുവേണ്ടി സ്വരൂപിച്ച പ്രളയദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാത്ത ഇടവകകൾ എത്രയും വേഗം അത് രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

### 8. സ്വാഗതം, നന്ദി

കമ്മ്യൂണിക്കേഷണിൽ ബിരുദാനന്തര ബിരുദവും ഫരിദാബാദ് രൂപതയിൽ അജപാലന ശുശ്രൂഷയുടെ ഒരു ഘട്ടവും വിജയകരമായി പൂർത്തിയാക്കി രൂപതയിൽ തിരികെ എത്തിയിരിക്കുന്ന **ബഹു. മാത്യു കൊല്ലംപറമ്പിലച്ചന്** ഹൃദ്യമായ സ്വാഗതം. അച്ചന്റെ പുതിയ ശുശ്രൂഷാമേഖലയിൽ എല്ലാവിധ ദൈവാനുഗ്രഹവും വിജയവും ആശംസിക്കുന്നു.

താമരശ്ശേരി രൂപതയുടെ അജപാലനശുശ്രൂഷ മേഖലയിലേക്ക് പുതിയതായി കടന്നുവരുന്ന ഷേൺസ്റ്റാട്ട് സന്യാസസമൂഹാംഗം **ബഹു. കാരക്കാട്ട് ക്രിസ്റ്റോ അച്ചന്** രൂപതയുടെ വൈദിക കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

രൂപതയിലെ അജപാലനശുശ്രഷകൾക്ക് ശേഷം പുതിയ മേഖലയിലേക്ക് സ്ഥലം മാറിപോകുന്ന **ബഹു. ജേക്കബ് അക്കൂറ്റ് ഒ.എസ്.എഫ്.എസ്. അച്ചന്** എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

### 9. അഭിനന്ദനങ്ങൾ

നമ്മുടെ രൂപതയുടെ ചാൻസലറായി സേവനം ചെയ്യുന്ന **ബഹു. എബ്രഹാം കാവിൽപുരയിടത്തിലച്ചൻ** സീറോ മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിൽ വൈസ് ചാൻസലറായി നിയമിതനായിരിക്കുന്നു. അച്ചന്റെ പുതിയ ഉത്തരവാദിത്ത നിർവ്വഹണത്തിൽ ദൈവാനു

ഗ്രഹം പ്രാർത്ഥിക്കുന്നതോടൊപ്പം രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങൾ ഹൃദ്യമായി ആശംസിക്കുന്നു.

**10. സ്മരണാഞ്ജലി**

| | | |
|---|---|---|
| 10-02-1987 | - | റവ. ഫാ. തോമസ് മറ്റപ്പള്ളിൽ |
| **11-02-1998** | **-** | **റവ. ഫാ. പോൾ കളപ്പുര** |
| 17-02-1973 | - | റവ. ഫാ. കുര്യൻ പാണ്ടിയാമ്മാക്കൽ |
| 20-02-1983 | - | റവ. ഫാ. മാത്യു മണ്ണൂരാംപറമ്പിൽ |
| 22-02-1960 | - | റവ. ഫാ. പോൾ വെട്ടിക്കാനാകുടി |
| **24-02-2011** | **-** | **റവ. ഫാ. മാത്യു മുതിരചിന്തിയിൽ** |
| 25-02-1981 | - | റവ.ഫാ. മാത്യു മണ്ണുക്കുശുമ്പിൽ |
| 25-02-1989 | - | റവ. ഫാ. ദോസിത്തേവൂസ് സി.എം.ഐ |
| 27-02-1998 | - | റവ. ഫാ. ജോസഫ് പുത്തൻപുര |

**പ്രോട്ടോസിഞ്ചെല്ലൂസ്**



# കരുണാർദ്രമായ കാർക്കശ്യത്തോടെ കർതൃസന്നിധിയിലേക്ക്



2018 ഡിസംബർ മാസം 29-ാം തീയതി താമരശ്ശേരി രൂപത വൈദികനായ ബഹു. ജോസഫ് കാളക്കുഴിയച്ചൻ നിത്യതയിലേക്ക് വിളിക്കപ്പെട്ടു. മലബാറിലെ മൂന്ന് രൂപതകളിലായി 51 വർഷ ത്തെ പുരോഹിത ശുശ്രൂഷയ്ക്ക് ശേഷം 84-ാം വയസ്സിൽ ബഹു. കാളക്കുഴിയച്ചൻ യാത്രയായപ്പോൾ വിഭജിക്കപ്പെടാത്ത വിശ്വസ്തതയുടെയും വിട്ടുവീഴ്ചയില്ലാത്ത കൃത്യതയുടെയും മുഖം നോട്ടമില്ലാത്ത സമീപനത്തിന്റെയും പുരോഹിതരൂപം കാഴ്ചയിൽ നിന്ന് മറയുകയായിരുന്നു. പൗരോഹിത്യമെന്ന അമൂല്യനിധി കണ്ടെത്തിയപ്പോൾ തനിക്ക് പേരും പ്രശസ്തിയും അഭിവൃദ്ധിയും സുരക്ഷിതത്വവും നൽകുമായിരുന്ന അദ്ധ്യാപനവൃത്തി ഉപക്ഷിച്ച് മലബാറിലെ ദൈവജനത്തിനുവേണ്ടി സമർപ്പണം ചെയ്ത ക്രിസ്തുശിഷ്യൻ. കാളക്കുഴിയച്ചന്റെ ദീപ്തമായ ഓർമ്മകൾക്കുമുമ്പിൽ പ്രണാമം.

1934 ൽ കോതമംഗലം രൂപതയിലെ വാഴക്കുളം ഇടവകയിൽ പരേതരായ ചാക്കോ-അന്ന ദമ്പതികളുടെ അഞ്ചു മക്കളിൽ ഏറ്റവും ഇളയവനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മൂവാറ്റുപുഴ നിർമ്മല കോളേജിൽ നിന്ന് കണക്കിൽ ബിരുദധാരിയായി. ജോലി സാധ്യതയോടൊപ്പം പ്രവർത്തന സാധ്യതകൂടി കണക്കിലെടുത്ത് മലബാറിൽ ചെമ്പേരിയിൽ എത്തി സ്കൂളിൽ അധ്യാപകനായി ജോലി ആരംഭിച്ചു. തന്റെയുള്ളിൽ ദൈവം നിക്ഷേപിച്ച പൗരോഹിത്യ വിളിയുടെ പ്രതിധ്വനി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ വാക്കുകളിൽ ശ്രവിച്ചതോടെ 1959 ൽ 25-ാം വയസ്സിൽ തലശ്ശേരി രൂപതയിലെ മൈനർ സെമിനാരിയിൽ വൈദികപരിശീലനം ആരംഭിച്ചു. ആലുവ പൊന്തിഫിക്കൽ സെമിനാരിയിലെ വൈദിക പരിശീലനത്തിനുശേഷം 1967 ഡിസംബർ 19-ാം തീയതി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് പൗരോഹിത്യപട്ടം സ്വീകരിച്ചു.

മാനന്തവാടി രൂപതയിലെ പയ്യംപള്ളി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി അജപാലന ശുശ്രൂഷ ആരംഭിച്ച ജോസഫച്ചൻ തുടർന്ന് കണിയാമ്പറ്റ, പാലാങ്കര എന്നീ ഇടവകകളിലും തലശ്ശേരി അതിരൂപതയിലെ പുളിങ്ങോം, തടിക്കടവ്, പുറവയൽ, പൊൻമള, താമരശ്ശേരി രൂപതയിലെ നെന്മേനി, മഞ്ഞുവയൽ, നൂറാംതോട്, പൂഴിത്തോട്, പയ്യനാട്, കൽക്കുണ്ട്, വലിയകൊല്ലി, പൂതംപാറ എന്നീ ഇടവകകളിലും വികാരിയായി സേവനം ചെയ്തു. പൗരോഹിത്യത്തോടും തന്നെ ഏൽപ്പിച്ച ഉത്തരവാദിത്തങ്ങളോടും പരിപൂർണ്ണ വിശ്വസ്തത പുലർത്തി അജപാലന ശുശ്രൂഷ നിർവ്വഹിച്ച ബഹു. കാളക്കുഴിയച്ചൻ താരതമ്യേന വ്യത്യസ്ത

മായ അജപാലന ശൈലിയുടെയും സമീപനങ്ങളുടെയും വ്യക്തിത്വമായിരുന്നു. മാനുഷിക സൗഹൃദങ്ങൾ കെട്ടിപടുക്കുന്നതിനുവേണ്ടി തന്റെ ആദർശവും കാഴ്ചപ്പാടുകളും ബോധ്യങ്ങളും മാറ്റിവെയ്ക്കുന്നതിന് അദ്ദേഹം തയ്യാറല്ലായിരുന്നു. പഠനത്തിന്റെയും ആഴമേറിയ വായനകളുടെയും പുതിയ അറിവുകൾ തേടുന്നതിന്റെയും വ്യഗ്രത നിറഞ്ഞ ജീവിതശൈലി അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുകയായിരുന്നു.

2005 ലാണ് ഇടവക ശുശ്രൂഷകളിൽ നിന്ന് വിരമിച്ച് കോഴിക്കോട് മേരിക്കുന്നിലുള്ള ഗുഡ്ഷെപ്പേർഡ് വൈദികവിശ്രമ ഭവനത്തിൽ കാളക്കുഴിയച്ചൻ എത്തിച്ചേരുന്നത്. തന്റെ വായനകളും പഠനവും അന്വേഷണവും നിറഞ്ഞ ജീവിതശൈലി അവിടെയും അദ്ദേഹം തുടർന്നു. വ്യക്തിബന്ധങ്ങളിലും ഇടപെടലുകളിലും തനതായ ശൈലി അവലംബിച്ച ബഹു. കാളക്കുഴിയച്ചൻ തന്റെ ജീവിതത്തിൽ സഹായഹസ്തം നീട്ടിയവരെയും ആവശ്യഘട്ടങ്ങളിൽ കരുതലിന്റെ സാന്നിധ്യമേകിയവരെയും ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു. തന്റെ ജീവിതത്തിന്റെ അവസാന മാസങ്ങളിൽ ആശുപത്രിയിലായിരുന്ന അവസരത്തിൽ തന്നെ കാണാൻ വന്ന രൂപതയിലെ ഒരു യുവവൈദികനെ സ്നേഹത്തോടെ നോക്കി "ഇയാളാണ് അന്ന് എന്റെ ജീവൻ രക്ഷിച്ചത്" എന്ന് അടുത്തുനിന്നവരോട് പറഞ്ഞപ്പോൾ കാളക്കുഴിയച്ചന്റെ വ്യക്തിത്വത്തിന്റെ ആർദ്രമായ മുഖം പ്രകടമാകുകയായിരുന്നു. ആ യുവവൈദികൻ റീജന്റായിരുന്ന കാലത്ത് അച്ചനെ ആശുപത്രിയിൽ സഹായിക്കാൻ നിന്നതുമായി ബന്ധപ്പെട്ട സൂചനയായിരുന്നു ആ വാക്കുകൾ.

ബഹു. കാളക്കുഴിയച്ചന്റെ അവസാന മാസങ്ങളിൽ അച്ചനെ ശുശ്രൂഷിക്കാനും സഹായിക്കാനും അവസരം ലഭിച്ചവർക്കെല്ലാം അച്ചനെക്കുറിച്ച് ഹൃദ്യമായ ഓർമ്മകൾ കാത്തുസൂക്ഷിക്കാനുണ്ട് എന്നത് ഉറപ്പാണ്. മറ്റാരെയും ബുദ്ധിമുട്ടിപ്പിക്കാതെ യാതൊരു പരാതിയും പറയാതെ താൻ ജീവിച്ചുവന്ന മനക്കരുത്തിന്റെയും നിശ്ചദാർഢ്യത്തിന്റെയും പിൻബലത്തിൽ അവസാനനാളുകളിലെ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളെയും അച്ചൻ സ്വീകരിക്കുകയായിരുന്നു. അഭിവന്ദ്യ റെമീജിയോസ് പിതാവിൽ നിന്ന് രോഗിലേപനം സ്വീകരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ച അച്ചൻ അവസാനദിവസങ്ങളിൽ അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവുമായി ആത്മീയ സംഭാഷണങ്ങളിൽ ഏർപ്പെട്ടിരുന്നുവെന്നത് അദ്ദേഹത്തിന്റെ പ്രകടനപരതയില്ലാത്ത ആഴമായ ആത്മീയതയുടെ ഏറ്റുപറച്ചിലുകളായിരുന്നു. പ്രതികരിക്കാൻ ശേഷിയില്ലാതെ കിടന്നപ്പോഴും സഹായിയായി എപ്പോഴും കൂടെയുണ്ടായിരുന്ന തങ്കച്ചൻചേട്ടൻ ചെവിയോട് ചേർത്തുവെച്ചിരുന്ന ഫോണിലൂടെ ചിറ്റിലപ്പിള്ളി പിതാവ് ആത്മീയ ഉപദേശങ്ങൾ നൽകിയ അവസരങ്ങളിൽ ദുർബലമെങ്കിലും വ്യക്തമായ മൂളലുകളിലൂടെ അദ്ദേഹം ആത്മീയ സംഭാഷണത്തിൽ പങ്കുപറ്റുകയായിരുന്നു. കോഴിക്കോട് മേരിക്കുന്ന് ആശുപത്രിയുടെ തീവ്രപരിചരണവിഭാഗത്തിൽ ചികിത്സയിലായിരിക്കവെ 2018 ഡിസംബർ 29-ാം തീയതി ഉച്ച കഴിഞ്ഞ് തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവും രൂപതാകാര്യാലയത്തിലെ വൈദികരും പി.എം.ഒ.സി.യിലെയും പാറോപ്പടി ഫൊറോനയിലെ വൈദികരും മരണമടഞ്ഞ വൈദികസഹോദരനുവേണ്ടി പ്രാർത്ഥനകൾ അർപ്പിച്ചു.

തുടർന്ന് കോഴിക്കോട് ഗുഡ്ഷെപ്പേർഡ് പ്രീസ്റ്റ് ഹോമിൽ പൊതുദർശനത്തിന് വച്ച മൃതദേഹം പിറ്റേദിവസമായ ഞായറാഴ്ച, ഡിസംബർ 30-ാം തീയതി ഉച്ചയോടെ ഈരൂട് സെന്റ് ജോസഫ്സ് ദൈവാലയത്തിൽ എത്തിച്ചു. ഉച്ചക

ഴിഞ്ഞ് 2.30 ന് വി. കുർബാനയും സംസ്കാരശുശ്രൂഷകളും ആരംഭിച്ചു. തലശ്ശേരി അതിരൂപത മുൻ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് കാർമ്മികനായ സമൂഹബലിയിൽ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ബഹു. കാളക്കുഴിയച്ചനെ അനുസ്മരിച്ച് അനുശോചനസന്ദേശം നൽകി. മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ കാർമ്മികത്വത്തിൽ നടന്ന അന്തിമശുശ്രൂഷകൾക്ക് ശേഷം ഈരൂട് ഇടവക സെമിത്തേരിയിൽ വൈദികർക്കായി പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന കല്ലറയിൽ മൃതദേഹം സംസ്കരിച്ചു.

അദ്ദേഹം താമസിച്ചിരുന്ന മുറി മരണാനന്തര നടപടിക്രമമനുസരിച്ച് പരിശോധിച്ച അവസരത്തിൽ ആകാശപറവകളുടെ സ്ഥാപനത്തിനും കരുണാഭവനും അദ്ദേഹം നൽകിയ സംഭാവന രശീതികളുടെ ഒരു വലിയകൂട്ടം കണ്ടെത്തിയപ്പോൾ ബഹു. കാളക്കുഴിയച്ചൻ വൈദികർക്ക് ഒരു മാതൃകയെന്നതിനെക്കാൾ വെല്ലുവിളിയായി മാറുകയായിരുന്നു. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ പ്രകടമാക്കിയ കൃത്യനിഷ്ഠയും ലളിത ജീവിതവും ആദർശ ശുദ്ധിയും കാർക്കശ്യവും കരുണാർദ്രമായ ഒരു ഹൃദയത്തിൽ നിന്നാണ് രൂപപ്പെട്ടിരുന്നത് എന്ന തിരിച്ചറിവ് അദ്ദേഹം ജീവിച്ചിരുന്ന ആഴമേറിയ ആത്മീയതയിലേക്കുള്ള അന്വേഷണത്തിന് നമ്മെ പ്രചോദിപ്പിക്കും. ഹൃദയം കാണുന്ന ദൈവത്തിന്റെ മുമ്പിൽ പ്രകടനപരതയ്ക്ക് സ്ഥാനമില്ലെന്ന സത്യം ജിവിച്ച 'സാറച്ചൻ' നമ്മുടെ ജീവിതവഴികളിൽ പ്രകാശം പരത്തി മുൻപേ നടക്കുന്നു, നിത്യതയിലേക്ക്.

**ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ**



# കുടുംബസുരക്ഷ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി

സി.ഒ.ഡി യും സ്റ്റാർ ഹെൽത്ത് ആന്റ് അലൈഡ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡും തമ്മിൽ സഹകരിച്ച് നടപ്പിൽ വരുത്തിയ **കുടുംബസുരക്ഷ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി** സാധാരണക്കാരായ കുടുംബങ്ങൾക്ക് സഹായകരമായിട്ടുണ്ട്. വർദ്ധിച്ചുവരുന്ന അസുഖങ്ങളും, മാറാരോഗങ്ങളും അപകടങ്ങളും മൂലമുണ്ടാകുന്ന ചികിത്സാ ചിലവുകൾ കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രതയെ സാരമായി ബാധിക്കുന്നു, ഇത്തരം സാഹചര്യങ്ങളിൽ കുടുംബങ്ങളെ ഒരുപരിധി വരെ സഹായിക്കുവാൻ രൂപത വഴി നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. സുരക്ഷയിൽ അംഗങ്ങളായിട്ടുള്ള 846 കുടുംബങ്ങൾക്ക് 78,95,600 രൂപയോളം രണ്ട് വർഷം കൊണ്ട് കൊടുക്കുവാൻ സാധിച്ചു.

2600 രൂപ വാർഷിക പ്രീമിയത്തിൽ 1 ലക്ഷം രൂപ വരെ ഒരു കുടുംബത്തിലെ ഭാര്യ, ഭർത്താവ്, 65 വയസ്സ് വരെയുള്ള മാതാപിതാക്കൾ, കുട്ടികൾ എന്നിങ്ങനെ 6 പേർക്ക് ഇന്ത്യയിലെ ഏത് ഹോസ്പിറ്റലിലും വരുന്ന 24 മണിക്കൂർ കിടത്തിചികിത്സാ ചിലവിന് ഈ ആരോഗ്യ സുരക്ഷ പദ്ധതിയിൽ ക്ലെയിം ചെയ്യാവുന്നതാണ്. ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് ഈ വർഷത്തെ പ്രീമിയം തുകയായ 2600 രൂപ അടച്ച് പോളിസി പുതുക്കിയാൽ മാത്രമേ ഈ വർഷം സഹായത്തിന് അർഹതയുണ്ടാകുകയുള്ളു. കഴിഞ്ഞ വർഷം അംഗമാകാത്ത കുടുംബങ്ങൾക്കും 2600 രൂപ അടച്ച് പുതുതായി ചേരാവുന്നതാണ്. ഇടവകയിലെ സാധാരണക്കാരുടെ കുടുംബങ്ങൾക്ക് ഏറ്റവും സഹായകരമാകുന്ന ഈ പദ്ധതി പരാമാവധി കുടുംബങ്ങളെ ഈ വർഷം അംഗങ്ങളാക്കുവാൻ ബഹു. വികാരിയച്ചൻമാർ പരമാവധി സഹായം ചെയ്തുതരുമല്ലോ.

**ഫാ. ജോസഫ് മുകളേപറമ്പിൽ**, ഡയറക്ടർ, സി.ഒ.ഡി.

# മതബോധനം

വിശ്വാസപരിശീലന കാര്യാലയത്തിൽ നിന്നും ആശംസകൾ!

വിശുദ്ധരുടെ മാദ്ധ്യസ്ഥ സഹായം നമുക്ക് എന്നും ബലവും ശക്തിയുമാണ്. നമ്മുടെ ഇടവക മദ്ധ്യസ്ഥരായ വിശുദ്ധരുടെ ഓർമ്മത്തിരുനാളുകൾ കൊണ്ടാടുന്ന ഒരു സമയമാണിത്. നമ്മുടെ പൂർവ്വികർ ഈ വിശുദ്ധാത്മാക്കളുടെ മാദ്ധ്യസ്ഥ ശക്തിയാലാണ് തങ്ങളുടെ സഹന കാലങ്ങളിലും രോഗപീഡകളിലും തളരാതെ നിന്നത്. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസമാണ് അവരെ പതറാതെ വഴി നടത്തിയത്. ഈ വിശ്വാസമാണ് തലമുറകളായി നമുക്കു കൈമാറി ലഭിച്ചിരിക്കുന്നതും ഓരോ തിരുനാൾ ആഘോഷവേളയിലും നാം പരസ്യമായി പ്രഘോഷിച്ച് നമ്മുടെ ഭാവി തലമുറയ്ക്ക് കൈമാറികൊടുക്കുന്നതും. ഫെബ്രുവരി 25-ന് വാഴ്ത്തപ്പെട്ട രക്തസാക്ഷി റാണി മരിയയുടെ തിരുനാൾ നാം ആഘോഷിക്കുകയാണ്. നമ്മുടെ ഇടയിൽ നിന്നും ഉയർന്നു വന്ന് സ്വർഗ്ഗത്തിൽ വിശുദ്ധിയുടെ പരിവേഷം പരത്തി വിളങ്ങി നിൽക്കുന്ന സി. റാണി മരിയയും നമ്മുടെ മുൻപിൽ മാതൃകയും വിശുദ്ധിയിലേക്ക് വെല്ലുവിളിയുമായും നിലകൊള്ളുന്നു. ജീവിതത്തിൽ പ്രതിസന്ധികളും കയ്പേറിയ അനുഭവങ്ങളും കടന്നു വരുമ്പോൾ നമുക്കു മുൻപേ സഹനങ്ങളെ അതിജീവിച്ച് വിശുദ്ധിയുടെ പടവുകൾ കയറിയ വിശുദ്ധാത്മാക്കളുടെ മാതൃക നമുക്കു സ്വന്തമാക്കാം. അതോടൊപ്പം വിശ്വാസപരിശീലനത്തിൽ പന്ത്രണ്ടാം ക്ലാസ് പഠനം പൂർത്തിയാക്കി ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിലേക്ക് ഇറങ്ങുന്ന എല്ലാ കുട്ടികൾക്കും വിജയാശംസകൾ നേരുന്നു.

## പ്രധാനാധ്യാപക സംഗമം

2018-2019 അധ്യയന വർഷത്തെ മൂന്നാമത്തെ പ്രധാനാധ്യാപക സംഗമം ജനുവരി 12 ശനിയാഴ്ച പി.എം.ഒ.സി യിൽ വച്ച് നടക്കുകയുണ്ടായി. രാവിലെ 10.00 മണിക്ക് ആരംഭിച്ച സംഗമത്തിൽ രൂപതാമതബോധന പ്രസിഡന്റ് ബാബു ചെട്ടിപ്പറമ്പിൽ സ്വാഗതം ആശംസിച്ചു. റവ. ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ അധ്യാപകർക്ക് ക്ലാസ് എടുത്തു. തുടർന്ന് നടന്ന മീറ്റിംഗിനും ചർച്ചകൾക്കും മതബോധന ഡയറക്ടർ നേതൃത്വം നൽകി. രൂപതാ മതബോധന സെക്രട്ടറി പ്രകാശ് നെട്ടേൽ എല്ലാവർക്കും നന്ദി പറഞ്ഞു. ഉച്ചക്ക് 1.30-ന് യോഗം സമാപിച്ചു.

## DCT സെമസ്റ്റർ പരീക്ഷ

2017-2018 മതബോധന വർഷത്തിൽ തിയോളജി ഡിപ്ലോമ കോഴ്സിൽ രജിസ്റ്റർ ചെയ്തമതാധ്യാപകരുടെ നാലാം സെമസ്റ്റർ പരീക്ഷ ജനുവരി 13 ഞായറാഴ്ച അതാത് ഇടവകകളിൽ വച്ച് നടന്നു.

## ഗുരുദർശൻ

റവ. ഫാ. ഷാന്തി പുതുശ്ശേരിയുടെ നേതൃത്വത്തിൽ മതാധ്യാപകർക്കായി നടത്തുന്ന തുടർപരിശീലനം ജനുവരി 24, 25 തിയതികളിൽ പി.എം.ഒ.സി യിൽ വച്ച് നടക്കുകയുണ്ടായി.

### ഗുരുദർശൻ: ഫെബ്രുവരി മാസത്തിൽ

ഫെബ്രുവരി 10, 11 (ഞായർ, തിങ്കൾ) @ PMOC
ഫെബ്രുവരി 13, 14 (ബുധൻ, വ്യാഴം) @ PMOC

### HCC വാർഷിക പരീക്ഷ

2018-2019 അദ്ധ്യയന വർഷത്തെ HCC യൂണിവേഴ്സിറ്റി പരീക്ഷ ജനുവരി 26-ാം തിയതി (ശനി) ഉച്ചകഴിഞ്ഞ് 02 മുതൽ 04 വരെ രൂപതയിലെ 23 പരീക്ഷാ കേന്ദ്രങ്ങളിൽ നടന്നു. ഏകദേശം 3400 കുട്ടികൾ പങ്കെടുത്തു.

### HCC മൂല്യനിർണ്ണയം

HCC ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം ഫെബ്രുവരി 02 ശനിയാഴ്ച രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണിവരെ പി.എം.ഒ.സി. യിൽ വച്ച് നടക്കുന്നതാണ്. വിലങ്ങാട്, കരുവാരകുണ്ട് മേഖലകൾ ഒഴികെ ബാക്കി എല്ലാ മേഖലകളിലെയും HCC ക്ലാസുകളിൽ പഠിപ്പിക്കുന്ന മുഴുവൻ അധ്യാപകരും അന്നേദിവസം നിർബന്ധമായും മൂല്യനിർണയത്തിൽ പങ്കെടുക്കേണ്ടതാണ്.

### HCC പരീക്ഷാഫലം

ഫെബ്രുവരി 09 ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് HCC പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതാണ്. (മേഖലാ ഭാരവാഹികൾക്ക് പരീക്ഷാഫലം ഓഫീസിൽ നിന്ന് പ്രിന്റ് ചെയ്ത് നൽകുന്നതാണ്).

### HCC SAY പരീക്ഷ

2019 ഫെബ്രുവരി 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ എല്ലാ മേഖലയിലും ഒരു സെന്ററിൽ വച്ച് HCC സേ പരീക്ഷകൾ (Save an Year) നടത്തുന്നതാണ്.

രണ്ടാമത്തെ സേ പരീക്ഷ 2019 ഏപ്രിൽ 1-ാം തിയതി രാവിലെ 10 മുതൽ 12 വരെ പി.എം.ഒ.സി യിൽ വച്ച് നടത്തുന്നതാണ്.

### HCC പുനർമൂല്യ നിർണയം

ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണയം സ്വീകരിക്കുന്ന അവസാന തിയതി 2019 മാർച്ച് 02 (ശനി).

### 100% ഹാജർ

ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ് വരെ മുഴുവൻ ഹാജറുള്ള കുട്ടികളുടെ പേരുകൾ, ഫോട്ടോ എന്നിവ മാർച്ച് 10-നു മുൻപായി മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

### മതാധ്യാപനത്തിന്റെ രജതജൂബിലി

മതാധ്യാപന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ അധ്യാപകരുടെ പേരുകൾ ഇനിയും ഓഫീസിൽ ഏൽപ്പിക്കാത്തവർ ഫെബ്രുവരി 15-നു മുൻപ് മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

### പ്രതിഭാസംഗമം 7-ാം ക്ലാസ്

ഈ അദ്ധ്യയന വർഷത്തിലെ 7-ാം ക്ലാസിലെ കുട്ടികളുടെ പ്രതിഭാസംഗമം മാർച്ച് 30-ാം തിയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് പി.എം.ഒ.സി. യിൽ വച്ച് 3.30-ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് 31-ാം തിയതി ഉച്ച ഭക്ഷണത്തോടെ അവസാനിക്കുന്നതാണ്. മാർച്ച് 10-നു മുൻപ് മേഖലകളിൽ സെലക്ഷൻ ക്യാമ്പ് നടത്തി മൂന്നു വീതം ആൺകുട്ടികളുടേയും പെൺ കുട്ടികളുടേയും പേര്, ഇടവക, ഫോൺ നമ്പർ എന്നിവ മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

### ക്വിസ് മത്സരം

കുട്ടികളിൽ അക്കാദമിക് എക്സലൻസ് വളർത്തുക എന്ന ഉദ്ദേശത്തോടെ നടത്തുന്ന ക്വിസ് മത്സരത്തിന്റെ മേഖലാതല മത്സരം ഏപ്രിൽ 8-നു മുൻപ് മേഖലാ കമ്മറ്റിയുടെ ഉത്തരവാദിത്വത്തിൽ നടത്തി രണ്ട് വിഭാഗങ്ങളിലായി (STD V-VII, STD VIII-X) മൂന്നുവീതം കുട്ടികളുടെ പേരുകൾ മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

രൂപതാതല മത്സരം ഏപ്രിൽ 13 ശനിയാഴ്ച പി.എം.ഒ.സി. യിൽ വച്ച് രാവിലെ 10 മണിമുതൽ നടക്കുന്നതാണ്. മാർക്ക് വിഭജനം: 1) ഇതുവരെ ചോദിച്ച ചോദ്യ പേപ്പർ (10%) 2) വിജ്ഞാനമുത്തുകൾ-പൊതുചോദ്യങ്ങൾ (20%) 3) 2019 ജനുവരി 01 മുതലുള്ള പത്രവാർത്തകളുടെ വെളിച്ചത്തിൽ കേരളം (20%),ഇന്ത്യ (20%),ലോകം (20%), 4) ജനറൽ ടോപ്പിക് (10%).

### ഡയറക്ടറച്ചന്റെ സന്ദർശനം

കുണ്ടായിത്തോട്, പേരാമ്പ്ര ഇടവകകളിൽ സന്ദർശനം നടത്തി മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തി.

### 2018-2019 അദ്ധ്യയന വർഷത്തിൽ A+ ഗ്രേഡ് ലഭിച്ച സൺഡേ സ്കൂളുകൾ

രൂപതയിലെ 123 സൺഡേ സ്കൂളുകളിൽ 82 സൺഡേ സ്കൂളുകൾ A+ ഗ്രേഡിന് അർഹത നേടി. ഇടവകയിലെ മതബോധന പ്രവർ ത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന വികാരിയച്ചന്മാർക്കും മതാധ്യാ പകർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**കരുവാരകുണ്ട് മേഖല**
1. കരുവാരകുണ്ട്
2. പാതിരിക്കോട്

**കോടഞ്ചേരി മേഖല**
3. ചെമ്പുകടവ്
4. ഈരൂട്
5. കണ്ണോത്ത്
6. കോടഞ്ചേരി

**മരുതോങ്കര മേഖല**
27. ചാത്തങ്കോട്ടുനട
28. കുണ്ടുതോട്
29. പടത്തുകടവ്
30. പശുക്കടവ്
31. പൊയിലോംചാൽ
32. പൂഴിത്തോട്
33. ചെമ്പനോട

54. കൂടത്തായ്
55. നൂറാംതോട്
56. പുതുപ്പാടി
57. തലയാട്
58. താമരശ്ശേരി

**തിരുവമ്പാടി മേഖല**
59. ആനക്കാംപൊയിൽ
60. കല്ലുരുട്ടി

7. കൂരോട്ടുപാറ
8. കുപ്പായക്കോട്
9. മഞ്ഞുമല
10. വലിയകൊല്ലി

**കൂരാച്ചുണ്ട് മേഖല**

11. ചക്കിട്ടപ്പാറ
12. കല്ലാനോട്
13. കാറ്റുള്ളമല
14. കൂരാച്ചുണ്ട്
15. കുളത്തുവയൽ
16. മുതുകാട്
17. നരിനട
18. പേരാമ്പ്ര
19. പെരുവണ്ണാമുഴി

**മലപ്പുറം മേഖല**

20. കൂമംകുളം
21. കൊണ്ടോട്ടി
22. കോട്ടക്കൽ
23. മലപ്പുറം
24. മഞ്ചേരി
25. ഊരകം
26. തിരൂർ

**പാറോപ്പടി മേഖല**

34. അമലാപുരി
35. അശോകപുരം
36. ചേവായൂർ
37. ദേവഗിരി
38. ഈസ്റ്റ് ഹിൽ
39. കുണ്ടായിത്തോട്
40. കുന്ദമംഗലം
41. മാവൂർ
42. പാറോപ്പടി
43. തേഞ്ഞിപ്പാലം

**പെരിന്തൽമണ്ണ മേഖല**

44. ചീരട്ടാമല
45. താഴേക്കോട്
46. മങ്കട
47. പെരിന്തൽമണ്ണ
48. കുറ്റിപ്പുറം
49. മാലാപറമ്പ്
50. വെട്ടത്തൂർ

**താമരശ്ശേരി മേഖല**

51. ചമൽ
52. ഈങ്ങാപ്പുഴ
53. കട്ടിപ്പാറ
61. കരിമ്പ്
62. പുല്ലൂരാംപാറ
63. തേക്കുംകുറ്റി
64. തിരുവമ്പാടി
65. വിളക്കാംതോട്
66. മഞ്ഞക്കടവ്
67. കൂടരഞ്ഞി
68. കുളിരാമുട്ടി
69. മുക്കം
70. പൂവാറംതോട്

**തോട്ടുമുക്കം മേഖല**

71. ചുണ്ടത്തുംപൊയിൽ
72. കക്കാടംപൊയിൽ
73. മരഞ്ചാട്ടി
74. പനംപ്ലാവ്
75. പീടികപ്പാറ
76. പുഷ്പഗിരി
77. വെണ്ടേക്കുംപൊയിൽ
78. വെറ്റിലപ്പാറ
79. വാലില്ലാപ്പുഴ
80. തോട്ടുമുക്കം

**വിലങ്ങാട് മേഖല**

81. മഞ്ഞക്കുന്ന്
82. വാളൂക്ക്

**ഫാ. ജോസഫ് വടക്കേൽ**
ഡയറക്ടർ, മതബോധനം

# ബൈബിൾ അപ്പസ്തോലേറ്റ്

ബൈബിൾ മാസാചരണത്തോടനുബന്ധിച്ച് ബൈബിൾ അപ്പസ്തോലേറ്റ് 2018 ഡിസംബർ മാസത്തിൽ നടത്തിയ ബൈബിൾ പകർത്തിയെഴുത്ത് മത്സരത്തിൽ 34 ഇടവകകളിൽ നിന്ന് 142 പേർ പങ്കെടുത്തു. പങ്കെടുത്ത ഏവർക്കും അവരെ പ്രോത്സാഹിപ്പിച്ച ബഹു. വികാരിയച്ചന്മാർക്കും നന്ദിയും അഭിനന്ദനങ്ങളും.

**രൂപതാതലത്തിൽ സമ്മാനാർഹരായവർ:**

**1-ാം സമ്മാനം** - ഏലിയാമ്മ ചേലയ്ക്കമാക്കൽ, മുതുകാട് (5,000 രൂപ)
പുതിയ നിയമം + പഴയ നിയമം - ലേവ്യർ 6-ാം അദ്ധ്യായംവരെ

**2-ാം സമ്മാനം** - അച്ചാമ്മ ഉള്ളാട്ടിൽ, മുതുകാട് (3,000 രൂപ)
പുതിയ നിയമം + ഉൽപത്തി 43-ാം അദ്ധ്യായംവരെ

**3-ാം സമ്മാനം** - ചിന്നമ്മ വാമറ്റത്തിൽ, തോട്ടുമുക്കം (2,000 രൂപ)
പുതിയ നിയമം + ഉൽപത്തി 11-ാം അദ്ധ്യായം വരെ

**4-ാം സമ്മാനം** (1,000 രൂപ വീതം 10 പേർക്ക്)

1. വിമല വടക്കൻ, തേഞ്ഞിപ്പാലം
2. സുനില സണ്ണി പനന്താനത്ത്, മഞ്ഞുവയൽ
3. റെന്നി സെബാസ്റ്റ്യൻ ഈറ്റത്തോട്ടം, അടയ്ക്കാക്കുണ്ട്
4. ജോബി ബിനുമോൻ പുലക്കുടിയിൽ, തോട്ടുമുക്കം
5. ആശാ ജോസ് പുലിയറമറ്റത്തിൽ, ദേവഗിരി
6. റീന ആന്റോ തട്ടിൽ, താമരശ്ശേരി
7. ഷീബ സാജൻ വാഴയിൽ, വെണ്ടേക്കുംപൊയിൽ
8. സൂസൻ ബിജു പനയത്തിൽ, പെരിന്തൽമണ്ണ
9. ബേബിക്കുട്ടി ദാനവേലിൽ, മുക്കം
10. പ്രിൻസി ടോം കോയിപ്പുറം, പടത്തുകടവ്

**ഇടവകതല സമ്മാനങ്ങൾ** - ഓരോ ഇടവകയിലും ഏറ്റവും കൂടുതൽ പകർത്തിയെഴുതിയ വ്യക്തിക്ക് 500 രൂപ വീതം (മുകളിൽ നൽകിയ സമ്മാനങ്ങളിൽ ഉൾപ്പെടാത്തവർക്ക്. സുവിശേഷങ്ങൾ എങ്കിലും പൂർത്തിയാക്കിയിരിക്കണം)

| | | | |
|---|---|---|---|
| 1. | അടയ്ക്കാക്കുണ്ട് | - | ഷാജു കൊല്ലറയ്ക്കൽ |
| 2. | ചെമ്പനോട | - | സി. ഫ്ളോറൻസ് എം.എസ്.എം.ഐ. |
| 3. | ദേവഗിരി | - | സിന്ധു സെബാസ്റ്റ്യൻ നാക്കുഴിക്കാട്ട് |
| 4 | കല്ലുരുട്ടി | - | ലൂസി സിറിയക് പുറവക്കാട്ട് |
| 5 | കണ്ണോത്ത് | - | മേരിക്കുട്ടി അറക്കാട്ട് |
| 6 | കരികണ്ടൻപാറ | - | ത്രേസ്യാമ്മ പുത്തൻപുരയിൽ |
| 7 | കട്ടിപ്പാറ | - | ജിൻസി തോമസ് കൊച്ചുവീട്ടിൽ |
| 8 | കാറ്റുള്ളമല | - | ജെസ്ലിൻ മ്ലാക്കുഴിയിൽ |
| 9 | കൂടത്തായ് | - | ഗ്രേസി വർക്കി പനന്താനത്ത് |
| 10 | കുന്ദമംഗലം | - | നിമ്മി ഷാജി വടക്കേപ്പറമ്പിൽ |
| 11 | കുപ്പായക്കോട് | - | പ്രണവ് വട്ടോട്ടുതറപ്പേൽ |
| 12 | മഞ്ഞുമല | - | ടിന്റു മാടവന |

| | | |
|---|---|---|
| 13 മഞ്ഞുവയൽ | - | എൽസി സിബി വെർണ്ണൂർ |
| 14 മരഞ്ചാട്ടി | - | നീതു ജെറീഷ് ഇളംതുരുത്തിയിൽ |
| 15 മുതുകാട് | - | മേരിക്കുട്ടി പേഴത്തിങ്കൽ |
| 16 നരിനട | - | അനു വർഗ്ഗീസ് പാലാട്ടിൽ |
| 17 പടത്തുകടവ് | - | മെറീന ബിജു മുല്ലയിൽ |
| 17 പശുക്കടവ് | - | തങ്കമ്മ ജോസഫ് ഇല്ലിക്കൽ |
| 18 പെരിന്തൽമണ്ണ | - | സാന്ദ്ര ജോയി പുന്നക്കതടത്തിൽ |
| 19 പൊയിലോംചാൽ | - | ബേബി ജോസഫ് കറുകമാലിൽ |
| 20 പൂഴിത്തോട് | - | റീന ജോൺസൺ പച്ചിക്കൽ,<br>ബിൻസി റോബിൻ കാളംപറമ്പിൽ |
| 21 താമരശ്ശേരി | - | മേഴ്സി ജോസഫ് പനച്ചടത്തിൽ |
| 22 തേഞ്ഞിപ്പാലം | - | എൽസമ്മ കാലായിൽ |
| 23 തോട്ടുമുക്കം | - | ആശാ ഡെന്നി വെള്ളപ്ലാക്കൽ<br>മേരി ജോസഫ് ഐക്കരശ്ശേരിയിൽ |
| 24 വടകര | - | വത്സ ഡേവിഡ് |
| 25 വള്ളിയാട് | - | റെജി മാത്യു മാങ്കൂട്ടത്തിൽ |
| 26 വയലിട | - | മേഴ്സി ശൗര്യമാക്കൽ |
| 27 വെണ്ടേക്കുംപൊയിൽ | - | ഷീന ദേവസ്യ പൂവേലിൽ |
| 28 ഈസ്റ്റ് ഹിൽ | - | ത്രേസ്യാമ്മ ജോർജ്ജ് താമരക്കാട്ട് |

ബൈബിൾ പകർത്തിയെഴുത്ത് മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും **പ്രോത്സാഹന സമ്മാനങ്ങൾ** നൽകുന്നതാണ്.

**ഫാ. തോമസ് ചിലമ്പിക്കുന്നേൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്

# അൽഫോൻസ പാലിയേറ്റീവ് കെയർ

## എക്സിക്യൂട്ടീവ് യോഗം

രൂപത എക്സിക്യൂട്ടീവ് യോഗം കുന്ദമംഗലത്തുവച്ച് നടത്തപ്പെട്ടു. മൊബൈൽ ക്ലിനിക്കിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ യോഗം വിലയിരുത്തി. ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. രൂപത ഡയറക്ടർ ഫാ. സൈമൺ കിഴക്കേക്കുന്നേൽ, സെക്രട്ടറി മാത്യു തേരകം എന്നിവർ പ്രസംഗിച്ചു.

### മൊബൈൽ ക്ലിനിക്ക്

മൊബൈൽ ക്ലിനിക്കിന്റെ പ്രവർത്തനം ഭംഗിയായി മുമ്പോട്ടു പൊയികൊണ്ടിരിക്കുന്നു. നാനാജാതി മതസ്ഥരായ രോഗികൾ ഇതിന്റെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ജാതിമതഭേദമെന്യ എല്ലാവരുടേയും സഹകരണം ലഭ്യമാകുന്നു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ

## ചെറുപുഷ്പ മിഷൻ ലീഗ്

### 1. ശാഖാ സന്ദർശനം

കുറ്റിപ്പുറം, ചാപ്പൻതോട്ടം ശാഖകൾ സന്ദർശിച്ച് വി. ബലിയർപ്പിച്ച പ്രാർത്ഥിക്കുകയും കുട്ടികൾക്ക് ക്ലാസ്സ് എടുക്കുകയും ചെയ്തു.

### 2. ടെലികിസ്

ടെലികിസിന്റെ 8–ാം എപ്പിസോഡിലെ വിജയിയായ ജോൺ കുളത്തിങ്കലിന് അഭിനന്ദനങ്ങൾ.

### 3. കരോൾ ഗാന മത്സരം

ചെറുപുഷ്പ മിഷൻ ലീഗും മലബാർ വിഷനും സംയുക്തമായ സംഘടിപ്പിച്ച കരോൾ ഗാന മത്സരത്തിൽ 14 ടീമുകൾ പങ്കെടുത്തു. മത്സരത്തിൽ കല്ലാനോട് ഇടവക ഒന്നാം സ്ഥാനം നേടി. അശോകപുരം ഇടവക രണ്ടും തിരുവമ്പാടി, പാറോപ്പടി മൂന്നും, നാലും സ്ഥാനങ്ങൾ കരസ്ഥമാക്കി.

ഒന്നാം സ്ഥാനം നേടിയ ടീമിന് 5001 രൂപയും ട്രോഫിയും, രണ്ടാം സ്ഥാനം നേടിയ ടീമിന് 3001 രൂപയും ട്രോഫിയും സമ്മാനിച്ചു. മറ്റു സ്ഥാനക്കാർക്ക് യഥാക്രമം 2001 രൂപ, 1001 രൂപ ക്യാഷ് അവാർഡുകൾ നല്കി. പി. എം. ഒ. സി. ഡയറക്ടർ ഫാ. സണ്ണി കളപ്പുരക്കൽ വിജയിച്ച ടീമുകൾക്ക് സമ്മാനം വിതരണം ചെയ്തു. കമ്മ്യൂണിക്കേഷൻ മീഡിയ ഡയറക്ടർ ഫാ. ബെന്നി കാരക്കാട്ട്, മിഷൻലീഗ് രൂപതാ ഡയറക്ടർ ഫാ. ജിബിൻ വാമറ്റത്തിൽ എന്നിവർ നേതൃത്വം നല്കി.

### 4. ശാഖാ വൈസ് ഡയറക്ടേഴ്സ്, ജൂനിയർ ലീഡേഴ്സ് സംഗമം

2019 ഫെബ്രുവരി 9 –ന് രാവിലെ 9.30 മുതൽ 2 മണി വരെ പി. എം. ഒ. സി. യിൽ വച്ച് നടക്കുന്നു. നിർബന്ധമായും എല്ലാ ശാഖാ വൈസ് ഡയറക്ടേഴ്സും ശാഖയിൽ നിന്നുള്ള 2 ജൂനിയർ ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്. വരാൻ എന്തെങ്കിലും അസൗകര്യം ഉള്ളവർ നിർബന്ധമായും ഓഫീസ് നമ്പറിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 250 രൂപ ആയിരിക്കും.

### 5. വചനോപാസി

ബൈബിളിലെ ഒരു പുസ്തകം മനഃപാഠമാക്കുന്ന പദ്ധതിയാണിത്. ഈ വർഷം പ്രഭാഷകന്റെ പുസ്തകം 27 മുതൽ 31 വരെയുള്ള അദ്ധ്യായങ്ങളാണ്. പുസ്കം 27 മുതൽ 31 വരെയുള്ള അദ്ധ്യായങ്ങളാണ് മനഃപാഠമാക്കേണ്ടത്.

2019 ഏപ്രിൽ 23 നായിരിക്കും മത്സരം. ഇനിയും പേര് രജിസ്റ്റർ ചെയ്യാനുള്ളവർ ഫെബ്രുവരി 20 നുള്ളിൽ ചെയ്യേണ്ടതാണ്.

### 6. വചനഭേരി മെഗാ ക്വിസ് പ്രോഗ്രാം

ചെറുപുഷ്പ മിഷൻ ലീഗ് കേരള സംസ്ഥാന സമിതി ഒരുക്കുന്ന വചനഭേരി ക്വിസ് പ്രോഗ്രാം 2019 – മെയ് 12 ഞായർ രാവിലെ 9.30 – ന് ഭരണങ്ങാനം മാതൃഭവനത്തിൽ വച്ച് നടക്കുന്നു. പ്രഭാഷകന്റെ പുസ്തം 1 മുതൽ 51 വരെയുള്ള അദ്ധ്യായങ്ങളാണ് മത്സരവിഷയം.

### സംസ്ഥാന മത്സര നിബന്ധനകൾ

- ഒരു രൂപതയിൽ നിന്നും 10 – 15, 16 – 25 പ്രായപരിധിയിൽ രണ്ടുപേരടങ്ങുന്ന രണ്ടു ടീം വീതം ആൺ, പെൺ വ്യത്യാസമില്ലാതെ പങ്കെടുക്കാവുന്നതാണ്.

- 8 റൗണ്ടുകളിലായി എഴുത്ത്, ഓഡിയോ വിഷ്വൽസ് രീതികളായിരിക്കും മത്സരത്തിൽ അവലംബിക്കുക.

- ആദ്യ റൗണ്ടിൽ അടക്കുന്ന എഴുത്ത് പരീക്ഷയിൽ നിന്നും രണ്ടാമത്തെ റൗണ്ട് മത്സരാർത്ഥികളെ കണ്ടെത്തുന്നതാണ്.

### 7. ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ്

2019 ഏപ്രിൽ 24 മുതൽ 27 വരെ രൂപത തലത്തിൽ 6 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്കുവേണ്ടി നടത്തുന്നു. ക്യാമ്പ് ഫീസ്. 1200 രൂപയാണ്. 2019 ഫെബ്രുവരി 28 – നകം പങ്കെടുക്കാനാഗ്രഹിക്കുന്ന കുട്ടികൾ 200 രൂപ അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. പെർഫോമൻസ് ലെവലിൽ കുട്ടികളെ വളർത്താൻ ഉതകുന്ന ക്യാമ്പാണ്.

- രൂപതാ വിഹിതം തരാനുള്ളവർ ഫെബ്രുവരി 9 –ന് വരുമ്പോൾ കൊണ്ടുവരേണ്ടതാണ്.

**ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ**
ഡയറക്ടർ, മിഷൻലീഗ്

# മാതൃവേദി

### തെരഞ്ഞെടുപ്പ് ഭരണചുമതല

മാതൃവേദിയുടെ യൂണിറ്റ് - മേഖല - രൂപതാതല തെരഞ്ഞെടുപ്പുകൾ വിജയകരമായി പൂർത്തിയാക്കിയ വികാരിയച്ചൻമാർക്കും മേഖല ഡയറക്ടർക്കും രൂപതാ ഭാരവാഹികൾക്കും എല്ലാ ആനിമേറ്റർമാർക്കും നന്ദി അറിയിക്കുന്നു. പുതിയ ഭാരവാഹികളുടെ കാലാവധി 2019 മുതൽ 2021 വരെ മൂന്നുവർഷത്തേക്കായിരിക്കും.2019 ജനുവരി മുതൽ പുതിയ ഭരണസമിതി നിലവിൽ വന്നിരിക്കുന്നു. പഴയ ഭാരവാഹികൾ അവരുടെ ചുമതല ബഹു. ഡയറക്ടർ അച്ചൻമാരുടെയും ആനിമേറ്റർമ്മാരുടെയും സാന്നിദ്ധ്യത്തിൽ പുതിയ ഭാരവാഹികൾക്ക് കൈമാറേണ്ടതാണ്. യൂണിറ്റിലെയും മേഖലയിലെയും പുതുതായി തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ ഭാരവാഹികളുടേയും പേര്, വീട്ടുപേര്, ഫോൺ നമ്പർ, ഇടവക, മേഖല, ലിസ്റ്റ് തയ്യാറാക്കി രൂപതാ ഓഫീസിൽ ഫെബ്രുവരി മാസം 10 നു മുമ്പായി എത്തിക്കേണ്ടതാണ്. എല്ലാ ഭാരവാഹികളുടേയും സംയുക്ത യോഗം ഫെബ്രുവരി മാസത്തിൽ നടത്തപ്പെടുന്നതായിരിക്കും.

### രൂപതാ ഭാരവാഹികൾ

| | |
|---|---|
| പ്രസിഡന്റ് | - ദീപ റെജി നെല്ലിയാംകുന്നേൽ (കുന്ദമംഗലം) |
| വൈ. പ്രസിഡന്റ് | - ജസി തോമസ് അടക്കപ്പാറ (കരിമ്പ്) |
| സെക്രട്ടറി | - ഷാനി സണ്ണി കളത്തിപ്പറമ്പിൽ (പുഷ്പഗിരി) |
| ജോ. സെക്രട്ടറി | - ട്രീസ ഞരളക്കാട്ട് (പെരിന്തൽമണ്ണ) |
| ട്രഷറർ | - ആൻസി ഇലഞ്ഞിക്കൽ (താമരശ്ശേരി) |

### എക്സിക്യൂട്ടീവ് അംഗങ്ങൾ

| | | |
|---|---|---|
| മേരി ജോസ് പുല്ലാട്ട് | - | (മരുതോങ്കര മേഖല) |
| ഡെയ്സി പുറത്തായിൽ | - | (പാറോപ്പടി മേഖല) |
| സിസിലി ചീരാംകുഴിയിൽ | - | (കോടഞ്ചേരി മേഖല) |
| ആനിയമ്മ മറ്റക്കോട്ടിൽ | - | (മലപ്പുറം മേഖല) |
| ജയ്മോൾ കാവിൽപുരയിടത്തിൽ | - | (വിലങ്ങാട് മേഖല) |
| സിസിലി താന്നിക്കൽ | - | (കൂരാച്ചുണ്ട് മേഖല) |
| മേരി ജോസഫ് കാര്യാങ്കൽ | - | (അന്തർദ്ദേശീയ മാതൃവേദി ട്രഷറർ) |
| ജോളിക്കുട്ടി ജോസഫ് തറപ്പിൽ | - | (K C BC വനിതാകമ്മീഷൻ അംഗം) |

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, മാതൃവേദി

# മദ്യവിരുദ്ധസമിതി

### പുതുവർഷാഘോഷവും എക്സിക്യൂട്ടീവ് യോഗവും

അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽ സംഘടനയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഭാവിപരിപാടികൾ ആലോചിക്കു കയും ചെയ്തു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സൺഡേ സ്കൂളുകൾ വഴി ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് യോഗം ആലോചിച്ചു. കൂടുതൽ പ്രതിഷേധ യോഗങ്ങൾ നടത്തുന്നതിനെക്കുറിച്ചും യോഗം ചർച്ച ചെയ്തു. പുതുവർഷാശംസകളും പ്രാർത്ഥനകളും അറിയിച്ചുകൊണ്ട് അഭിവന്ദ്യ പിതാവ് കേക്ക് മുറിച്ച് മധുരം പങ്കുവച്ചു. രൂപത ഡയറക്ടർ ഫാ. സൈമൺ കിഴക്കേക്കുന്നേൽ, പ്രസിഡന്റ് കുര്യൻ ചെമ്പനാനി, സെക്രട്ടറി ജോളി ഉണ്ണ്യേപിള്ളിൽ തുടങ്ങിയവർ പ്രസംഗിച്ചു.

### സമ്മാന കൂപ്പൺ വിതരണോദ്ഘാടനം

മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തന ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി സൺഡേ സ്കൂൾ വഴി വിതരണം ചെയ്യുന്ന സമ്മാനകൂപ്പണിന്റെ വിതരണോദ്ഘാടനം മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് രൂപതാഡയറ്ടർ ഫാ. സൈമൺ കിഴക്കേക്കുന്നേലിന് നൽകി കൊണ്ട് നിർവ്വഹിച്ചു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, മദ്യവിരുദ്ധസമിതി

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

### പി. എം. ഒ. സി. യിൽ വച്ച് നടത്തപ്പെടുന്ന പ്രോഗ്രാമുകൾ :

1. Diploma course (1 year)
2. Counsiling skills course (10 days)
3. Couple Enrichment workshop (2 days)
4. Advanced counseling skills Training (1 week)
5. Alumini meet (1 day)

### കൗൺസിലിംഗ്

ഇന്നീന്റേതായ വ്യഥകളിലും, മാനസ്സീക പിരിമുറക്കത്താലും

വലയുന്നവർക്ക് ആശ്വാസവും കൈത്താങ്ങുമാകുവാനും സന്നദ്ധരായ ഡയറക്ടർ ഫാ. ഡോ. കുര്യൻ പുരമഠത്തിന്റെയും മറ്റു സൈക്കോളജി സ്റ്റുകളായ ഫാ. ജോജി, ശ്രീ. ശ്രീവൽസൻ, ശ്രീമതി. സിനി ജോൺ, മേരി പോൾ. ഷൈനി ആന്റോ, എന്നിവരുടെ നിസ്വാർത്ഥമായ സേവനത്തോടെ, സഹകരണത്തോടെ കൗൺസിലിംഗ് ഇവിടെ നടത്തപ്പെടുന്നു.

**ഡിപ്ലോമ കോഴ്സ് ( 1 വർഷം)**

ക്രിസ്ത്യൻ ചെയറിന്റെ കീഴിലുള്ള ഒരു വർഷത്തെ അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സ് വിജയകരമായി മുന്നോട്ടു പോകുന്നു. നാലും, അഞ്ചും ബാച്ചിലെ വിദ്യാർത്ഥികൾ ഒന്നും, രണ്ടും സെമസ്റ്റർ പരീക്ഷ എഴുതു കയുണ്ടായി. ഫെബ്രുവരി 9 -ാം തീയ്യതി 4 -ാ മത്തെ ബാച്ച് വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കി, അവരുടെ കോൺവൊക്കേഷന് ഒരുങ്ങുന്നു. ഡിപ്ലോമ കോഴ്സിന്റെ ആറാമത്തെ ബാച്ച് ഫെബ്രുവരി 3 -ന് ആരംഭിക്കുന്നു.

**കൗൺസിലിംഗ് സ്കിൽസ് കോഴ്സ് ( 10 days)**

വ്യക്തിബന്ധങ്ങളെ അമൂല്യമായി കരുതി, അവയെ പരിപോഷിപ്പി ക്കാൻ ആഗ്രഹിക്കുന്നവർക്കും സ്വയം വളരാനും മറ്റുള്ളവരെ മനസ്സിലാക്കി വളർത്താനും ജെ. പി. ഐ ഇൻസ്റ്റിറ്റ്യൂട്ട് ഒരുക്കുന്ന പത്തു ദിവസത്തെ കൗൺസിലിംഗ് സർക്കിഫിക്കറ്റ് കോഴ്സ് രണ്ടു ബാച്ചുകളിലായി 2019 ഏപ്രിൽ മൂന്നാമത്തെ ആഴ്ചയും, മെയ് രണ്ടാമത്തെ ആഴ്ചയുമായി നടത്തപ്പെടുന്നു. അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**റവ. ഡോ. കുര്യൻ പുരമഠം**
ഡയറക്ടർ, ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്.

# ജീസസ് യൂത്ത്

## 1. JYKC Return

**"2018 വയസ് പിന്നിട്ടും അവൻ ഇന്നും യുവാവാണ്."**

കഴിഞ്ഞമാസം 27-29 തിയ്യതികൾ ഏതൊരു ജീസസ് യൂത്തിന്റെയും ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത ഓർമ്മകൾ സമ്മാനിച്ച ദിനങ്ങളായിരുന്നു. ഭാരതസഭ യുവജന വർഷമായി ആഘോഷിക്കുമ്പോൾ സഭയോട് പ്രത്യുദ്ധരിച്ച്കൊണ്ട് കേരളത്തിലെ മുഴുവൻ ജീസസ് യൂത്തും പാലായിലെ സെന്റ് തോമസ് കോളജിൽ ഒരുമിച്ച് കൂടിയ മഹാസംഗമം പിതാക്കന്മാരുടെയും വൈദികരുടെയും സന്യസ്തരുടെയും അനുഗ്രഹീത സാന്നിദ്ധ്യംകൊണ്ട് നിറഞ്ഞദിനങ്ങൾ. യുവത്വത്തെക്കുറിച്ചും യുവത്വം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും അവരിലെ നന്മകളെക്കുറിച്ചും ആഴത്തിൽ ചന്തിച്ച

ദിനങ്ങൾ. ജീസസ് യൂത്തിനെക്കുറിച്ച് അവനിലെ (അവളിലെ) ദൈവവിളികളെക്കുറിച്ചും.

വ്യക്തിപരമായപ്രാർത്ഥന, ദൈവവചനം, കൂട്ടായ്മ, കൗദാശികജീവിതം, സുവിശേഷവൽക്കരണം, പാവങ്ങളോടുള്ള പക്ഷംചേരൽ എന്നീ ആറ് ഫില്ലറുകളിൽ അടിയുറച്ച ജീവിതശൈലിയെക്കുറിച്ച് ഒന്നുകൂടി ആഴത്തിൽ ചിന്തിച്ച ദിനങ്ങൾ – പുതിയ ഉൾക്കാഴ്ചകൾ സമ്മാനിച്ചത് മാത്രമല്ല ഓരോ ജീസസ് യൂത്ത് മിഷനറിയും ഉണർന്ന് പ്രവർത്തിക്കേണ്ടതിനെക്കുറിച്ചും പഠിച്ച ദിനങ്ങൾ – ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ, ജീവിതാനുഭവങ്ങൾ, സാക്ഷ്യങ്ങൾ, പഠനങ്ങൾ, മിഷൻഅനുഭവങ്ങൾ എന്നിവയെല്ലാം ആഴത്തിൽ സ്പർശിച്ച മൂന്ന് ദിനങ്ങൾ.

ഫാമിലി, ബേബികെയർ, കിഡ്സ്, ടീനേജേസ്, യൂത്ത്, പുരോഹിതർ സന്യസ്തർ എന്നീ ആറ് സ്ട്രീമുകളിലായാണ് ഒത്തുചേരൽ നടന്നത്. ഒപ്പം വൈകുന്നേരങ്ങളിൽ എല്ലാവരും ഒരുമിച്ചു. ഈ ഒരുമിക്കൽ മറന്നുപോയ ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്നതിനും, സൗഹൃദങ്ങൾ പുതുക്കുന്നതിനും, പുതിയ സൗഹൃദങ്ങൾ സ്വന്തമാക്കുന്നതിനും ഈ ദിനങ്ങളിൽ ദൈവം ഇടവരുത്തി.

വോയ്സ് ക്രിസ്റ്റി, ക്രോസ് ടോക്ക്, റെക്സ് ബാന്റ് എന്നീ ജീസസ് യൂത്ത് മ്യൂസിക്ക് ബാന്റുകളുടെ സാന്നിദ്ധ്യവും ആഘോഷരാവുകൾക്ക് മാറ്റുകൂട്ടി. ദിവ്യബലികളും ദിവ്യകാരുണ്യ ആരാധനകളും ആത്മീയതയുടെ ആഴങ്ങളിലേക്ക് ഓരോ ജീസസ് യൂത്തിനേയും എത്തിച്ചു.

സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി – മലങ്കരസഭ മേജർ ആർച്ച് ബിഷപ്പ് മാർ ബസേലിയോസ് കർദ്ദിനാൾ ക്ലിമീസ് കത്തോലിക്കാബാവ – പാല രൂപത അദ്ധ്യക്ഷന്മാരായ ബിഷപ്പ് – മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മാർ ജേക്കബ് മുരിക്കൽ (പാല സഹായ മെത്രാൻ), പുനലൂർ രൂപതാ അദ്ധ്യക്ഷൻ ബിഷപ്പ് മാർ റൈറ്റ് റവ. ഡോ: സിൽവസ്റ്റർ പൊന്നുമുത്തൻ, തിരുവനന്തപുരം സഹായമെത്രാൻ ബിഷപ്പ് മാർ സാമുവേൽ ഐറേനിയസ് എന്നിവരുടെ സാന്നിദ്ധ്യവും അനുഗ്രഹ പ്രഭാഷണവും പ്രോഗ്രാമിന് മാറ്റ് കൂട്ടി. ഷംഷാബാദ് രൂപതാ അദ്ധ്യക്ഷൻ ബിഷപ്പ് മാർ റാഫേൽ തട്ടിൽപ്പിതാവിന്റെ സാന്നിദ്ധ്യം എല്ലാ ദിവസവും യുവജനങ്ങളോടൊത്ത് ഒരു ചാലകശക്തിയായി ഉണ്ടായിരുന്നു.

നമ്മുടെ രൂപതയിൽ നിന്നും പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും ഈ പ്രോഗ്രാം പുതിയ ഒരു മിഷൻ അനുഭവമാണ് സമ്മാനിച്ചത്.

### 2. UP - ഉത്തർപ്രദേശ് മിഷൻ

2018 JyKc യിൽ നിന്നും കേരളത്തിലുള്ള എല്ലാ സോണു കൾക്കും ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലുമുള്ള മിഷൻ പ്രദേശങ്ങൾ മധ്യസ്ഥപ്രാർത്ഥനകൾക്കായും നേരിട്ട് മിഷൻ സ്ഥലങ്ങൾ സന്ദർശിച്ചു കൊണ്ടുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായും പങ്കുവെക്കുക യുണ്ടായി.

കോഴിക്കോട് സോൺ നമ്മുടെ രൂപതയിലുള്ള യുവജനങ്ങൾ ക്കായി ഉത്തർപ്രദേശ് രൂപതയെ ആണ് ആത്മീയ ദത്തെടുക്കലിനായി ലഭിച്ചിരിക്കുന്നത്. എല്ലാ ജീസസ് യൂത്തും തങ്ങളുടെ വ്യക്തിപരമായ പ്രാർത്ഥനകളിൽ ഉത്തർപ്രദേശ് മിഷൻ പ്രദേശങ്ങളേയും ഉൾപ്പെടുത്തി യിരിക്കുന്നു. അനീഷ് ജോൺ മിഷനുവേണ്ടിയുള്ള ഉത്തരവാദിത്വവും ക്രമീകരണങ്ങളും സോണിൽ നിന്നും ഏറ്റെടുത്തിരിക്കുന്നു.

### 3. സോണൽ വൺഡേ

തികച്ചും വ്യത്യസ്തമായി ജനുവരി മാസം സോണൽ വൺഡേ ഒരു ഔട്ട്റീച്ച് പ്രോഗ്രാമായി യുവജനങ്ങൾ കൊണ്ടാടി. ചാത്തമംഗലം സാന്ത്വനവൃദ്ധമന്ദിരം സന്ദർശിച്ച് അവരോടൊത്ത് ഒരു ദിവസം ചെലവഴി ക്കുകയും ഭക്ഷണം പങ്കിടുകയും ചെയ്തു. ക്യാമ്പസ് കോ-ഓഡിനേറ്റർ ജീനോ മത്തായി, ആൻ മേരി എന്നിവർ നേതൃത്വം നൽകി.

### 4. സോണൽ കൗൺസിൽ

5-ാം തിയ്യതി കോഴിക്കോട് സോണൽ എൽഡർ ജോസഫ് സെബാസ്റ്റ്യൻ സാറിന്റെ ഭവനത്തിൽ സോണൽ മീറ്റിംഗ് കൂടി. പുതിയ കൗൺസിൽ ടീമിനെ തെരഞ്ഞെടുക്കുന്നതിനെ കുറിച്ച് പ്രാർത്ഥനയോടെ ചർച്ച നടത്തി.- **2019** പുതുവർഷത്തിൽ കോഴിക്കോട് സോണിന്റെ നേതൃത്വത്തിൽ മലബാർ ഏരിയായിലുള്ള ടീൻസിനുവേണ്ടി ഒരു സർപ്രൈസ് ഗിഫ്റ്റ് എന്ന ആശയം പ്രാർത്ഥനയോടെ മുന്നോട്ട് വെക്കുകയുണ്ടായി.

### 5. ഫാമിലി മിനിസ്ട്രി

ജനുവരി 8-ാം തിയ്യതി ജീസസ് യൂത്ത് ഫാമിലി കൗൺസിൽ പൂവ്വറംതോട് പള്ളിയിൽ ഒത്തുചേർന്നു. ഒരു മണിക്കൂർ ആരാധനക്ക് ശേഷം കഴിഞ്ഞ 2 വർഷക്കാലം മിനിസ്ട്രിയെ നടത്തിയ കർത്താവിന് നന്ദി പറഞ്ഞു. വരാനിരിക്കുന്ന അസംബ്ലിക്ക് വേണ്ടി പ്രാർത്ഥിച്ചൊരുങ്ങി. ഡെറീഷ്-നിഷ ദമ്പതികളുടെ ഭവനസന്ദർശനവും നടത്തി. കേരള ഫാമിലി മിനിസ്ട്രിയുടെ ടീം അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി സോണിൽ നിന്നും 4 ഫാമിലികൾ ജനുവരി 26 ന് എറണാകുളം കളമശ്ശേരിയിൽ പങ്കെടുത്തു.

### 6. Jy ഫോർമേഷൻ – ഫിലിപ്പ് കോഴ്സ്

ജീസസ് യൂത്ത് ഫോർമേഷൻ കോഴ്സിന്റെ ആദ്യ സെക്ഷൻ ഫിലിപ്പ് കോഴ്സ് കോഴിക്കോട് സോണിൽ നിന്നുള്ള ബേസ് ടീം അംഗങ്ങൾ മാനന്തവാടിയിൽ ജനുവരി 25, 27 തിയ്യതികളിൽ പുതിയ ബാച്ചിന് ട്രെയ്നിംഗ് കൊടുത്തു. ഫിബ്രവരി 8, 10 തിയ്യതികളിൽ കോഴിക്കോട് സോണൽ ഫിലിപ്പ് കോഴ്സ് നടത്തപ്പെടുന്നു.

### 7. MEST

മെഡിക്കൽ എഞ്ചിനിയറിംഗ് സ്റ്റുഡന്റ്സിന്റെ പ്രെയർഗ്രൂപ്പുകളെ കോഡിനേറ്റ് ചെയ്യുന്നതിനുള്ള പുതിയ ടീം ഫെബ്രുവരി 3-ന് കോഴിക്കോട് തെരഞ്ഞെടുക്കും. നിലവിൽ NIT യിൽ നിന്നുള്ള ദീപക് ജോർജ്ജിന്റെ നേതൃത്വത്തിലുള്ള ടീം 2 വർഷം പൂർത്തിയാക്കി.

### 8. ഹൗസ് ഹോൾഡ്

കോഴിക്കോട് MCBS ചാപ്പലിൽ ജനുവരി 11 ചൊവ്വാഴ്ച സോണൽ ഹൗസ് ഹോൾഡ് നടന്നു.

**ഫ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, ജീസസ് യൂത്ത്

# ആൽഫ മരിയ അക്കാദമി

### ആൽഫ ക്വിസ് ഫെസ്റ്റ് 2019

**തിരുവമ്പാടി:** ആൽഫ മരിയ അക്കാദമിയുടെ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ വിഭാഗം സംഘടിപ്പിച്ച അഞ്ചാമത് "ആൽഫ ക്വിസ് ഫെസ്റ്റ് മത്സരം 2019 ജനുവരി 26-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണിയ്ക്ക് ആൽഫയുടെ തിരുവമ്പാടി സെന്ററിൽ വച്ച് നടന്നു. മത്സരത്തിൽ ശ്രീ. വി. എ ജോസ് ക്വിസ് മാസ്റ്ററായിരുന്നു.

### എൻട്രൻസ് ക്രാഷ് കോഴ്സ് ആൽഫയിൽ മാർച്ച് 27 ന് ആരംഭിക്കുന്നു.

**തിരുവമ്പാടി:** ആൽഫ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ മെഡിക്കൽ, എൻഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്കുള്ള ക്രാഷ് കോഴ്സ് മാർച്ച് 27 ന് ആരംഭിക്കും. KEAM, NEET, JEE Main തുടങ്ങിയ പ്രവേശന പരീക്ഷകൾക്കുള്ള തീവ്ര പരിശീലനമാണ് നല്കുന്നത്. മെഡി ക്കൽ, എൻഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാരംഗത്ത് ഇന്ത്യയിലെ മികച്ച സ്ഥാപനങ്ങളിലൊന്നായ ബ്രില്ല്യന്റ് പാലായുടെ ഗൈഡൻസിലും നിയന്ത്രണത്തിലുമുള്ള പരിശീലമായിരിക്കും ആൽഫയിൽ നൽകുക. മെഡിക്കൽ, എൻഞ്ചിനീയറിംഗ് എൻട്രൻസ് കോഴ്സ് മാർച്ച് 27 ന് ആരംഭിച്ച് മെയ് 4 ന് അവസാനിക്കും. മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ യ്ക്ക് പ്രത്യേകമായി പരിശീലനം ഉണ്ടായിരിക്കും. മുൻകൂട്ടി അറിയിക്കു ന്നവർക്ക് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതാണ്.

### അഡ്മിഷൻ ആരംഭിച്ചു

+2 വിദ്യാർത്ഥിൾക്കുള്ള പരിശീലനം ഏപ്രിൽ 1 നും, +1 വിദ്യാർത്ഥികൾക്കുമുള്ള പരിശീലനം മെയ് 1 നും ആരംഭിക്കുന്നതാണ്. ഈ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 04952252180, 9745745060, 9447494190

### പി. എസ്. സി പരിശീലനം

**തിരുവമ്പാടി:** 2019 നടക്കുവാൻ പോകുന്ന യൂണിവേഴ്സിറ്റി അസിസ്റ്റൻറ് പരീകഷയ്ക്കുള്ള പരിശീലനം ആൽഫയുടെ തിരുവമ്പാടി സെന്ററിൽ ആരംഭിച്ചു. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 10 മുതൽ 1 മണി വരെയാണ് ക്ലാസുകൾ. 18 നും 36 നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്ക് ഈ കോഴ്സിൽ പങ്കെടുക്കാവുന്നതാണ്. അഡ്മിഷൻ തുടരുന്നു. കൂടുതൽ വിവരങ്ങൾക്ക് 0495 – 2252180, 9447494190 നമ്പറുകളിൽ വിളിക്കുക.

**ഫാ. തോമസ് പുതിയാപറമ്പിൽ**
ഡയറക്ടർ, ആൽഫാ മരിയ അക്കാദമി

## വിൻസെന്റ് ഡി പോൾ സൊസൈറ്റി

കരുവാരകുണ്ട് ഹോളിഫാമിലി പുരുഷവനിതാ കോൺഫ്രൻസുകൾ സംയുക്തമായി ഇടവക പള്ളിയുമായി സഹകരിച്ച് ഒന്നരലക്ഷം രൂപ പാവപ്പെട്ട ഒരു ക്യാൻസർ രോഗിക്ക് വീട് വാങ്ങാൻ സഹായിച്ചു.

ക്രിസ്തുമസ്സിനോടനുബന്ധിച്ച് പാവപ്പെട്ടവരുടെ വീടുകൾ സന്ദർശിച്ച് സാമ്പത്തിക സഹായവും ക്രിസ്തുമസ് സന്ദേശവും നൽകുകയുണ്ടായി. തോട്ടുമുക്കം ഏരിയാ കൗൺസിൽ അംഗങ്ങൾ വിദ്യാ ജ്യോതി സ്കീമിൽപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണവും പാവപ്പെട്ട രോഗികളുടെ വീടുകൾ സന്ദർശിച്ച് സാമ്പത്തിക സഹായവും നൽകി.

കുളത്തുവയൽ ഏരിയാ കൗൺസിലിലെ നരിനട സെന്റ് അൽഫോൻസാ കോൺഫ്രൻസ് ഇടവക പള്ളിയിൽ വെച്ച് കുടുംബ സംഗമം നടത്തി. ജപമാലയോടും ദിവ്യകാരുണ്യ ആരാധനയോടും കൂടി ആരംഭിച്ച ചടങ്ങ് ഇടവക വികാരി ഫാ. ഡാന്റിസ് കുഴിക്കരക്കാട്ട് ഉൽഘാടനം ചെയ്തു. വിൻസെൻഷ്യൽ ദൈവവിളിയെക്കുറിച്ച് ബ്രദർ ജോൺസൺ പൂവ്വത്തിങ്കൽ ക്ലാസ്സെടുത്തു. സ്നേഹവിരുന്നോടെ സമാപിച്ച സെമിനാറിൽ കോൺഫറൻസ് പ്രസിഡന്റ് ബി. ആർ. സണ്ണി എബ്രയിലും, ഏരിയാ പ്രസിഡന്റ് ബ്ര. ജോഷി ചീങ്കല്ലേലും സന്നിഹിതരായിരുന്നു.

മരിയാപുരം ഫാത്തിമാ കോൺഫറൻസ് അംഗങ്ങൾ മലാപ്പറമ്പിലുള്ള കാരുണ്യസദൻ സന്ദർശിക്കുകയും അന്തേവാസികൾക്കൊപ്പം സ്നേഹ വിരുന്നിൽ പങ്കെടുക്കുകയും ചെയ്തു. പെരിന്തൽമണ്ണ സെന്റ് അൽഫോ ൻസാ പള്ളിയിൽ നടന്ന മരിയാപുരം ഏരിയാ കൗൺസിലിന്റെ വാർഷിക സെമിനാർ സിസി പ്രസിഡന്റ് ഉൽഘാടനം ചെയ്തു. കാലാവധി പൂർത്തി യാക്കിയതിനാൽ മരിയാപുരം ഏരിയാ കൗൺസിലിന്റെ പുതിയ പ്രസിഡ ന്റായി ബ്ര. സാബു പ്ലാമണ്ണിൽ തെരെഞ്ഞെടുക്കപ്പെടുകയും ചെയ്തു. മരിയാപുരം ഏരിയായിൽ 6 വർഷം സ്തുത്യഹർഹമായ സേവനം നടത്തിയ ബ്ര. തോമസ് പുതുപ്പറമ്പിലിനെ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് പ്രത്യേകം അഭിനന്ദിക്കുകയും സേവനങ്ങൾക്ക് നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

കോടഞ്ചേരി എ. സി യുടെ നേതൃത്വത്തിൽ "വിൻസെന്റ് ഡി. പോൾ സൊസൈറ്റിയുടെ പ്രവർത്തനവും കുടുംബജീവിതവും "എന്ന വിഷയത്തെക്കുറിച്ച് ഒരു വനിതാ സെമിനാർ നടത്തുകയുണ്ടായി. സി. എസ്. എ. ബി. എസ് ആണ് ക്ലാസ്സ് എടുത്തത്. എ. സി പ്രസിഡന്റ് ബ്ര. ഫിലിപ്പ് മുട്ടത്തുപറമ്പിലിന്റെ അധ്യക്ഷതയിൽ നടന്ന സെമിനാറിൽ സിസി യുടെ വനിതാ പ്രതിനിധി സഹോദരി സിനി ഷാജി, സഹോദരി സിസിലി ചീരാംകുഴി എന്നിവരും പങ്കെടുത്തിരുന്നു.

ഏരിയാ കൗൺസിലിലെ കോൺഫ്രൻസ് ഭാരവാഹികൾക്കായി ഒരു നേതൃത്വപരിശീലന സെമിനാർ സംഘടിപ്പിച്ചു. എസി പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ആരംഭിച്ച യോഗം സിസി പ്രസിഡന്റ് ഉൽഘാടനം ചെയ്യുകയും തുടർന്ന് ബ്ര. തോമസ് ജോൺ മൂഴിക്കച്ചാലിൽ ക്ലാസ്സ് എടുക്കുകയും ചെയ്തു.

മരുതോങ്കര ഏരിയാ കൗൺസിലിന്റെ പുതിയ പ്രസിഡന്റായി ബ്ര. തോമസ് പുതുക്കുളങ്ങരയെ തെരെഞ്ഞെടുത്തു.

തിരുവമ്പാടി ഏരിയാ കൗൺസിസിന്റെ വാർഷികം കുടുംബസമ്മേള നമായി ആഘോഷിച്ചു. റവ. ഫാദർ സെബാസ്റ്റ്യൻ എബ്രയിൽ, സിസി പ്രസിഡന്റും എസി പ്രസിഡന്റ് ബ്ര. ജോൺ പുതിയാ മഠത്തിലും പങ്കെടുത്തു. തിരുവമ്പാടി സ്നേഹാലയത്തിൽ പുതിയതായി പണിത ഒന്നാം നിലയുടെ വെഞ്ചരിപ്പ് കർമ്മം രൂപതാ അദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിച്ചു. തദവസരത്തിൽ ഫൊറോന വികാരി പെരിയ ബഹു. ജോസ് ഓലിയക്കാട്ടിലും സിസി പ്രസിഡന്റും എസി പ്രസിഡന്റും അടക്കം ധാരാളം വിൻസെൻഷ്യൻ അംഗങ്ങളും പങ്കെടുത്തിരുന്നു.

കാട്ടാങ്ങൽ സെന്റ് ജോസഫ് കോൺഫറൻസ് അംഗങ്ങൾ പണിയിപ്പിച്ച പുതിയ വീടിന്റെ വെഞ്ചിരിപ്പ് രൂപതാ വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര അച്ചൻ നിർവ്വഹിച്ചു. തദവസരത്തിൽ വികാരി റവ. ഫാദർ ജോർജ്ജ് വെള്ളക്കകുടിയിലും കോൺഫറൻസ് പ്രസിഡന്റ് ബ്ര. അഗസ്റ്റിൻ നാലോലിക്കലും, ദേവഗിരി ഏരിയ കൗൺസിൽ പ്രസിഡന്റ് ബ്ര. റോയി ചാക്കോയും, സിസി പ്രസിഡന്റും സന്നിഹിതരായിരുന്നു.

**ബ്ര. തോമസ് പുലിക്കോട്ടിൽ**
വിൻസെന്റ് ഡിപോൾ സൊസൈറ്റി

# കെ. സി. വൈ. എം

## കോടഞ്ചേരി മേഖല
### യുവജന സെമിനാർ

കെ സി വൈ എം കോടഞ്ചേരി മേഖല സമിതിയുടെ നേതൃത്വത്തിൽ വലിയകൊല്ലി സെന്റ് അൽഫോൻസ പാരീഷ് ഹാളിൽ ജനുവരി 12 ന് യുവജന സെമിനാർ നടത്തി. കോടഞ്ചേരി മേഖല ഡയറക്ടർ ഫാ. മാത്യു പുള്ളോലിക്കൽ അധ്യക്ഷത വഹിച്ച യോഗം രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന ഇൻചാർജ്ജ് സുബിൻ തൈയ്യിൽ, മേഖല ആനിമേറ്റർ സി. ഹെലൻ എഫ് സി സി, സ്റ്റേറ്റ് സെനറ്റ് മെമ്പർ അനുപ്രിയ മാത്യു, മേഖല ആക്ടിങ് പ്രസിഡന്റ് ദിവ്യ മാത്യു, യൂണിറ്റ് പ്രസിഡന്റ് ആൽബിൻ എന്നിവർ പ്രസംഗിച്ചു. ഫാ. ജോജോ ഒ. എഫ്. എം. കപ്പൂച്ചിൻ സെമിനാറിന് നേതൃത്വം നൽകി.

## പുതിയ നിയമനങ്ങൾ
### മേഖല ഡയറക്ടർ

കോടഞ്ചേരി മേഖല ഡയറക്ടറായി ഫാ. മാത്യു പുള്ളോലിക്കലിനെ നിയമിച്ചു. കഴിഞ്ഞ നാളുകളിൽ ഫൊറോന ഡയറക്ടറായി സേവനം അനുഷ്ടിച്ച സിജോ പുളിമൂട്ടിലച്ചന് കെ സി വൈ എം പ്രസ്ഥാനത്തിന്റെ നന്ദി അറിയിക്കുന്നു.

### സംസ്ഥാന സെക്രട്ടറി

കെ സി വൈ എം സംസ്ഥാന സെക്രട്ടറിയായി സംസ്ഥാന സിൻഡിക്കേറ്റ് മെമ്പറും മഞ്ചേരി ഇടവകാംഗവുമായ തേജസ് മാത്യു കറുകയിലിനെ ജനുവരി 19, 20 തിയ്യതികളിൽ തൃശ്ശൂരിൽ വെച്ചു നടന്ന സംസ്ഥാന സെനറ്റ് യോഗത്തിൽ തിരഞ്ഞെടുത്തു. തേജസിന് ആശംസകളും അഭിന്ദനങ്ങളും.

## സംസ്ഥാനതല പരിപാടികൾ

• **യുവജന വർഷസമാപനം:** പാലാരിവട്ടം പി. ഒ. സി. യിൽ വെച്ച് കെ സി ബി സിയുടെ നേതൃത്വത്തിൽ ജനുവരി 12 ന് നടത്തിയ യുവജന വർഷസമാപന സമ്മേളനത്തിൽ താമരശ്ശേരി രൂപത കെ സി വൈ എം നെ പ്രതിനിധീകരിച്ച് തേജസ് മാത്യു കറുകയിൽ പങ്കെടുത്തു.

• **റൂബി ജൂബിലി സമാപനം:** തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആതിഥേയത്വത്തിൽ നടന്ന കെ സി വൈ എം പ്രസ്ഥാനത്തിന്റെ റൂബിജൂബിലി സമാപന സമ്മേളനത്തിലും ആഘോഷപരിപാടികളിലും താമരശ്ശേരി രൂപതയെ പ്രതിനിധികരിച്ച് രൂപത പ്രസിഡന്റ് സൗബിൻ ഇലഞ്ഞിക്കൽ, വൈസ് പ്രസിഡന്റ് ബ്ലസി കോതാനിക്കൽ, രൂപതാ സമിതി അംഗങ്ങളായ തേജസ് മാത്യു

കറുകയിൽ, സുബിൻ തൈയ്യിൽ, അബിമൽ, അനുപ്രിയ, റ്റിബിൻ എന്നിവർ പങ്കെടുത്തു.

• **സംസ്ഥാന സെനറ്റ് സമ്മേളനം:** 41 -ാം കെ സി വൈ എം സംസ്ഥാന വാർഷിക സമ്മേളനം തൃശ്ശൂർ അതിരൂപതയുടെ ആതിഥേയത്വത്തിൽ ഫാമിലി അപ്പോസ്തോലിക് ഓഡിറ്റോറിയത്തിൽ ജനുവരി 18, 19, 20 തിയ്യതികളിലായി നടന്നു. താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, രൂപത ആനിമേറ്റർ സി. പ്രീതി ജോർജ്ജ് എം എസ് എം ഐ, രൂപതാ പ്രസിഡന്റ് ശ്രീ. സൗബിൻ ഇലഞ്ഞിക്കൽ, ജനറൽ സെക്രട്ടറി ശ്രീ. വിശാഖ് തോമസ്സ്, സിൻഡിക്കേറ്റ് അംഗങ്ങളായ തേജസ് മാത്യു കറുകയിൽ, അനുപ്രിയ സണ്ണി, സുബിൻ തൈയ്യിൽ എന്നിവർ പങ്കെടുത്തു. രൂപത ജനറൽ സെക്രട്ടറി വിശാഖ് തോമസ് രൂപതാ റിപ്പോർട്ട് അവതരിപ്പിച്ചു. കേരളത്തിലെ 30 തോളം രൂപതകളിൽ നിന്നായി ഇരുനൂറിലധികം പ്രതിനിധികൾ പങ്കെടുത്തു.

• **രൂപത എക്സിക്യൂട്ടിവ് മീറ്റിങ്:** ജനുവരി 11 ന് കട്ടാങ്കൽ സെന്റ് ജോസഫ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

### ഡിസംബർ മാസം നിലാവുകൂട്ടം നടന്ന യൂണിറ്റുകൾ

മഞ്ഞക്കുന്ന് (ഡിസം. 26), കക്കാടം പൊയിൽ (ഡിസം. 27), പുഷ്പഗിരി (ഡിസം. 28), പൂഴിത്തോട് (ഡിസം. 29), കല്ലാനോട് (ഡിസം. 30), നരിനട (ജനു. 12), കുപ്പായക്കോട് (ഡിസം.)

### കെ സി വൈ എം നടത്തിയ പുൽക്കൂട് മത്സര വിജയികൾ

**സോൺ 1 (വിലങ്ങാട്, മരുതോങ്കര, കൂരാച്ചുണ്ട്, താമരശ്ശേരി, പാറോപ്പടി)**

1 - ാം സ്ഥാനം- കൂരാച്ചുണ്ട്
2 - ാം സ്ഥാനം- കുളത്തുവയൽ
3 - ാം സ്ഥാനം- മഞ്ഞക്കുന്ന്

**സോൺ 2 (കോടഞ്ചേരി, മലപ്പുറം, തിരുവമ്പാടി, തോട്ടുമുക്കം, പെരിന്തൽമണ്ണ, കരുവാരക്കുണ്ട്)**

1 - ാം സ്ഥാനം- ചെമ്പുകടവ്
2 - ാം സ്ഥാനം- മഞ്ഞക്കടവ്
3 - ാം സ്ഥാനം- കൂരോട്ടുപാറ

### അറിയിപ്പുകൾ

**1. രൂപത അർദ്ധവാർഷിക സെനറ്റ് സമ്മേളനം:** കെ സി വൈ എം താമരശ്ശേരി രൂപതയുടെ അർദ്ധവാർഷിക സെനറ്റ് സമ്മേളനും യുവജനവർഷ സമാപനവും 2019 ഫെബ്രുവരി 9 രണ്ടാം ശനിയാഴ്ച തിരുവമ്പാടി സേക്രഡ്ഹാർട്ട് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു. എല്ലാ മേഘല ഡയറക്ടേഴ്സ്, മേഖല ആനിമേറ്റേഴ്സ് മേഖല സമിതി അംഗങ്ങൾ എന്നിവർ നിർബന്ധമായും പങ്കെടുക്കേ

ണ്ടതാണ്. ഒരു മേഖലയിലെ 9 മേഖല ഭാരവാഹികൾ ഉണ്ടെങ്കിൽ മാത്രമേ മേഖല റിപ്പോർട്ടുകൾ അവതരിപ്പിക്കാൻ അനുവദിക്കുകയുള്ളു. രൂപതയിൽ നിന്നും നൽകപ്പെടുന്ന ഫോമിലാണ് റിപ്പോർട്ടുകൾ എഴുതി സമർപ്പിക്കേണ്ടത്. രൂപതാതല രചനാമത്സരവിജയികൾക്കും പുൽക്കൂട് മത്സരവിജയികൾക്കും അന്നേ ദിവസം സമ്മാനങ്ങൾ നൽകുന്നതായിരിക്കും.

**2. യുവജനക്യാമ്പ് (എല്ലാ ഇടവകകളിലും):** വിശ്വാസോൽസവത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും യുവജനങ്ങൾക്കുവേണ്ടി യുവജനങ്ങളുടെ നേതൃത്വത്തിൽ വൺ ഡേ ഫോർമേഷൻ ക്യാമ്പ് സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചൻമാർ അതിനുള്ള സൗകര്യം ചെയ്തുതരണമെന്ന് മുൻകൂട്ടി അറിയിക്കുന്നു. വിവരങ്ങൾക്ക് ഈ നമ്പറിൽ ബന്ധപ്പെടുക- (ലിമ്‌ന ജോർജ്ജ്- 9947715814 - റിസോഴ്സ് ടീം ഇൻചാർജ്ജ്)

**3. യൂത്ത് കമ്മ്യൂണിക്കേൻ മീഡിയ വിങ് രൂപീകരണം :**രൂപതയിൽ യുവജനങ്ങളുടെ സഹകരണത്തോടെ ഒരു സൈബർ & സോഷ്യൽ കമ്മ്യൂണിക്കേഷൻ വിങ് രൂപീകരിക്കാൻ പദ്ധതിയിടുന്നു. ഈ മേഖലയിൽ പ്രാവീണ്യമുള്ള യുവജനങ്ങളെ കണ്ടെത്തി നിർദ്ദേശിക്കണമെന്ന് അപേക്ഷിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഈ നമ്പറിൽ ബന്ധപ്പെടുക- ഫോൺ: 8589037318, 9747789021

**4. യുവജനദിന കളക്ഷൻ:** 2018 വർഷത്തെ യുവജനദിന കളക്ഷൻ പല ഫൊറോനകളിൽ നിന്നും കിട്ടിയിട്ടില്ല. ദയവായി ആ തുക ഫൊറോന മീറ്റിംങുകളിൽ പറഞ്ഞ് കളക്ട് ചെയ്തുതരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ജോർജ്ജ് വെള്ളക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം.

# ഫാമിലി അപ്പോസ്റ്റലേറ്റ്

ജനുവരി 07 -10 തീയ്യതികളിൽ പി.എം.ഒ.സി -യിൽ വച്ച് പ്രീ-കാനാ കോഴ്സ് നടത്തി. വിവിധ രൂപതകളിൽ നിന്നായി 80 പേർ പങ്കെടുത്തു. ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. എബ്രാഹം കാവിൽപുരയിടത്തിൽ, ഫാ. ജോർജ്ജ് കളപ്പുര, ഫാ. റോയി തേക്കുംകാട്ടിൽ, ഫാ. റോണി പോൾ കാവിൽ, ഫാ. വിൽസൺ മൂട്ടത്തുകുന്നേൽ, ഫാ. തോമസ് പാറൻകുളങ്ങര, ഫാ. അഗസ്റ്റ്യൻ വാമറ്റത്തിൽ, ഡോ. അബ്രാഹം ജേക്കബ്, പ്രൊഫ. ചാക്കോ കാളംപറമ്പിൽ മിസ്സിസ് ഷാന്റി ജോസ്, എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫാ. അജി പുതിയാപറമ്പിലിന്റെ നേതൃത്വത്തിൽ ഫാമിലി ചാറ്റ് നടത്തി. കോഴ്സിന്റെ അവസാനദിവസം മാതാപിതാക്കൾക്ക് ഫാ. ജോസ് പെണ്ണാപറമ്പിൽ, പ്രൊഫ. ചാക്കോ കാളംപറമ്പിൽ എന്നിവർ ക്ലാസുകൾ എടുത്തു. 175 - ഓളം

മാതാപിതാക്കൾ പങ്കെടുത്തു. ക്ലാസ്സ് 1 മണിയോടെ അവസാനിച്ചു. എം.എസ്.എം.ഐ സിസ്റ്റേഴ്സ് കൗൺസിലിംഗിനു നേതൃത്വം നല്കി.

**അടുത്ത പ്രീ - കാനാ കോഴ്സുകൾ**

**മാർച്ച് 04-07, 25-28 ഏപ്രിൽ 08-11 മേയ് 06-09**

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്

# മരിയൻ പ്രോ- ലൈഫ് മൂവ്മെന്റ്

താമരശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ തിരുവമ്പാടി ഇടവകയിൽ ഹോം മിഷൻ എല്ലാ വ്യാഴാഴ്ചകളിലും നടത്തികൊണ്ടിരിക്കുന്നു. 14 വാർഡുകളുള്ളതിൽ 3 വാർഡുകളിൽ ഹോം മിഷൻ നടത്തികഴിഞ്ഞു. താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് രൂപതാ ഡയറക്ടർ ഫാ.ജോസ് പെണ്ണാപറമ്പിൽ ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നൽകുകയും ക്ലാസ്സെടുക്കുകയും ചെയ്തു. തിരുവമ്പാടി ഇടവകയിൽ പ്രോ-ലൈഫ് മൂവ്മെന്റിനോട് ചേർന്ന് CMC സഹോദരിമാരാണ് ഹോം മിഷന് നേതൃത്വം നൽകുന്നത്. താമരശ്ശേരി രൂപതാ മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ കരുവാരക്കുണ്ട് ഫെറോനയിലെ മുഴുവൻ യുവജനങ്ങൾക്കും വേണ്ടി യുവജന ശാക്തികരണ സെമിനാർ നടത്തി. ഫെറോനാ വികാരി ഫാ. അബ്രാഹം വയലിൽ സെമിനാറിന് നേതൃത്വം നൽകി. ഡോ. അബ്രഹാം ജേക്കബ്, ഫാ. ജോസ് പെണ്ണാപറമ്പിൽ എന്നിവർ ജീവന്റെ വില, അശ്ലീലചിത്രങ്ങൾ, ലഹരി വസ്തുക്കളുടെ ഉപയോഗം, ബ്ലാക്ക് മാസ്സ്, ലൗ ജിഹാദ് എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകൾ നല്കി. സെമിനാറിൽ ഇരുനൂറോളം യുവജനങ്ങൾ പങ്കെടുത്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# ലിറ്റർജികമ്മീഷൻ

### മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമി

അല്മായർക്കും സമർപ്പിതർക്കും വേണ്ടിയുള്ള മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ ജനുവരി മാസത്തിലെ ക്ലാസ്സ് 26-ാം തിയ്യതി പി. എം. ഒ. സി. യിൽ വെച്ച് നടന്നു. വി. കുർബ്ബാന കേന്ദ്രീകൃത ജീവിതത്തെക്കുറിച്ച് തലശ്ശേരി ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിലെ അധ്യാപകനായ ഡോ. ജോസഫ് ചാലാശ്ശേരിയാണ് ക്ലാസ്സ് നയിച്ചത്. മുപ്പതോളം പേർ സംബന്ധിച്ചു. എല്ലാ മാസത്തെയും നാലാമത്തെ ശനിയാഴ്ച പി. എം. ഒ. സി. യിൽ വെച്ചു നടക്കുന്ന ഈ ക്ലാസ്സിലേക്ക് താല്പര്യമുള്ള അല്മായരെ പറഞ്ഞയയ്ക്കണമെന്ന് ബഹു. വികാരിയച്ചന്മാരോട് അഭ്യർത്ഥിക്കുന്നു. അടുത്ത ക്ലാസ്സ് ഫെബ്രുവരി 23 ശനിയാഴ്ച പി. എം. ഒ. സി യിൽ വെച്ച് നടത്തപ്പെടുന്നതാണ്.

ഫാ. ജോസഫ് കളത്തിൽ
ലിറ്റർജി കമ്മീഷൻ

# സ്റ്റാർട്ട്

### പൂർവ്വവിദ്യാർത്ഥി സംഗമം

പതിവുപോലെ ഈ വർഷവും സ്റ്റാർട്ടിൽ ഡിസംബർ 23-ന് പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തി. ഉയർന്ന തസ്തികകളിൽ നിയമനം ലഭിച്ചവരെയും ഗവേഷണവിദ്യാർത്ഥികളെയും, ഐ ഐ ടി, ഐ ഐ എം തുടങ്ങിയ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന പൂർവ്വവിദ്യാർത്ഥികളെയും ചടങ്ങിൽ പൊന്നാടഅണിയിച്ച് ആദരിച്ചു. ഡയറക്ടർ മോൺ. ആന്റണി കൊഴുവനാൽ, അസി. ഡയറക്ടർ ഫാ ജിൽസ് കാരികുന്നേൽ, അധ്യാപകർ, പൂർവ്വവിദ്യാർത്ഥി പ്രതിനിധികൾ തുടങ്ങിയവർ പ്രസംഗിച്ചു. വിദ്യാർത്ഥികൾ കലാപരിപാടികൾ അവതരിപ്പിച്ചു.

### ആദരിച്ചു

ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രൈസ്‌വാട്ടർ ഹൗസ് കൂപ്പർ എന്ന പ്രൊഫഷണൽ സർവീസ് കമ്പനിയിൽ കാമ്പസ് സെലക്ഷ നിലൂടെ ഉയർന്ന തസ്തികയിൽ നിയമനം നേടിയ മദ്രാസ് ഐ ഐ ടി അവസാനവർഷ വിദ്യാർത്ഥി ജോസഫ് ജോർജ്ജിനെ ആദരിച്ചു. പ്രതിമാസം രണ്ടുലക്ഷംരൂപ ശമ്പളത്തിലാണ് നിയമനം. കാസർഗോഡ് കൊന്നക്കാട് ഇടവക

പുളിക്കത്തടത്തിൽ കുടുംബാംഗമാണ്.

പ്ലസ് ടു കഴിഞ്ഞ കുട്ടികൾക്കായി സ്റ്റാർട്ട് നടത്തുന്ന ഏകവത്സര കോഴ്സിന്റെ 2012-13 ബാച്ചിൽ പരിശീലനം നടത്തിയാണ് ജോസഫ് ജോർജ്ജ് ഐ ഐ ടി യിലേയ്ക്കുള്ള പ്രവേശന പരീക്ഷ വിജയിച്ചത്. സ്റ്റാർട്ടിൽ നടന്ന ചടങ്ങിൽ ജോസഫ് ജോർജ്ജിനെ പൊന്നാട അണിയിച്ച് ആദരിച്ചു.

**മിനിമാസ്റ്റർ ക്യാമ്പ് നടത്തി**

ക്രിസ്മസ് അവധിക്കാല മിനിമാസ്റ്റർ ക്യാമ്പ് ഡിസംബർ 27, 28, 29 തിയതികളിൽ സ്റ്റാർട്ടിൽവെച്ച് നടത്തി. 6 മുതൽ 11-ാം ക്ലാസുവരെയുള്ള കുട്ടികൾ പങ്കെടുത്തു.

**മോൺ ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി

## RETIREMENT 2019

| Sl. No | NAME | DESIGNATION | SCHOOL | Date of Retirement |
|---|---|---|---|---|
| 1 | Jesssy Mathew | Principal | Kulathuvayal HSS | 31.3.19 |
| 2 | Mathew Thomas | Principal | Kallanode HSS | 30.6.19 |
| 3 | Kurian MM | HSST CEO | Koodaranji HSS | 30.4.19 |
| 4 | Vimalamma K Varghese | HSST ZOOL | Thiruvampady HS | 31.3.19 |
| 5 | Tom Thomas | HSST Mal | Kodenchery HSS | 31.3.19 |
| 6 | Sr. Brijitha ED | HSST JR Mal | Kulathuvayal HSS | 31.5.19 |
| 7 | Sunny Joseph K | HM | Kulathuvayal HS | 31.5.19 |
| 8 | Babu Joseph | HM | Koodaranji HS | 31.3.19 |
| 9 | Agnis Augustine | HM | Kunduthode HS | 31.5.19 |
| 10 | Joyce Varghese | H.S.A PS | Thiruvampady HS | 31.3.19 |
| 11 | Elizabeth MD | H.S.A PS | Kodenchery HS | 31.5.19 |
| 12 | Sajan Philip | H.S.A NS | Thiruvampady HS | 31.3.19 |
| 13 | Mariamma Thomas | H.S.A NS | Padathukadavu HS | 31.3.19 |
| 14 | Ancy Mathew | H.S.A NS | Kattippara HS | 31.3.19 |
| 15 | Laly Joseph | H.S.A SS | Pullurampara HS | 30.6.19 |
| 16 | Elsamma Sebastian | H.S.A SS | Nellipoil HS | 31.3.19 |
| 17 | Annakkutty KA | H.S.A SS | Padathukadavu HS | 31.3.19 |

| | | | | |
|---|---|---|---|---|
| 18 | Sr. Laly KT | H.S.A Maths | Maruthonkara HS | 31.5.19 |
| 19 | Elsy MV | H.S.A Hindi | Thiruvampady HS | 31.5.19 |
| 20 | Lizamma VD | H.S.A Hindi | Kulathuvayal HS | 31.5.19 |
| 21 | Sunny Mathew | H.S.A Hindi | Nellipoil HS | 31.3.19 |
| 22 | Babu George | H.S.A Mal | Maruthonkara HS | 31.3.19 |
| 23 | Dasan ET | H.S.A Mal | Padathukadavu HS | 31.5.19 |
| 24 | Alice PJ | HM | Vilakkamthode UPS | 31.3.19 |
| 25 | Sunny John | HM | Koorachundu UPS | 31.3.19 |
| 26 | Marykutty George | HM | Poozhithode UPS | 31.3.19 |
| 27 | John KM | HM | Kattullamala UPS | 31.5.19 |
| 28 | Poulin Joseph | HM | Narinada LPS | 31.5.19 |
| 29 | Sr. Mary Joseph | UPSA | Koodaranji HS | 31.5.19 |
| 30 | Annamma EK | UPSA | Kooraranji HS | 31.5.19 |
| 31 | Annamma EM | UPSA | Kallanode HS | 31.5.19 |
| 32 | Shobana Thevarkandy | UPSA | Koorachundu UPS | 30.6.19 |
| 33 | Lissy Kurian | UPSA | Koorachundu UPS | 31.3.19 |
| 34 | Molly KU | UPSA | Koorachundu UPS | 30.4.19 |
| 35 | Molly Thomas | UPSA | Venappara UPS | 31.3.19 |
| 36 | Elsy Peter | UPSA | Pushpagiri UPS | 30.4.19 |
| 37 | Suma Sebastian | UPSA | Pushpagiri UPS | 30.6.19 |
| 38 | Omana CV | UPSA | Pullurampara UPS | 31.5.19 |
| 39 | Johnson KP | UPSA Hindi | Pullurampara UPS | 31.5.19 |
| 40 | Laly M Mathew | LPSA | Kattullamala UPS | 31.5.19 |
| 41 | ALICE AJ | LPSA | Pasukkadavu UPS | 31.3.19 |
| 42 | Kusumom Jacob | LPSA | Chempanoda UPS | 31.5.19 |
| 43 | Sherly Augustine | LPSA | Kodenchery LPS | 30.6.19 |
| 44 | Mary Joseph | LPSA | Thekkumkutty LPS | 30.4.19 |
| 45 | Sr. Molly KS | LPSA | Thiruvampady UPS | 31.5.19 |
| 46 | Shirly Thomas | Music | Kallanode HS | 31.3.19 |
| 47 | James CD | PET | Punnakkal HS | 31.3.19 |
| 48 | Simon TJ | CLERK | Thiruvampadi HS | 31.7.19 |

# എ. കെ. സി. സി.

## തിരുവമ്പാടി യൂണിറ്റ് വാർഷികം

കത്തോലിക്ക കോൺഗ്രസ് സേക്രഡ് ഹാർട്ട് ഫൊറോന യൂണിറ്റിന്റെ കുടുംബ സംഗമം 'ഗ്ലോറിയ 2019' വിപുലമായ പരിപാടികളോടെ 20-1-19 ഞായറാഴ്ച നടത്തി. രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ, ചെമ്പു കണ്ടത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. തിരുവമ്പാടി ഫൊറോന വികാരിയും യൂണിറ്റ് ഡയറക്ടറുമായ ഫാ. ജോസ് ഓലിയക്കാട്ട് അധ്യക്ഷത വഹിച്ചു.

ക്രൈംബ്രാഞ്ച് ഡി വൈ എസ് പി ജോസി ചെറിയാൻ മുഖ്യ പ്രഭാഷണം നടത്തി. അസിസ്റ്റന്റ് വികാരി ഫാ. കുര്യാക്കോസ് കൊച്ചു കൈപ്പേൽ, രൂപത പ്രസിഡന്റ് ബേബി പെരുമാലിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ചാക്കോ കാളംപറമ്പിൽ, യൂണിറ്റ് പ്രസിഡന്റ് പ്രിൻസ്തിനം പറമ്പിൽ, സെക്രട്ടറി തങ്കച്ചൻ മുട്ടത്ത്, ജോസ് ഇടവഴിക്കൽ, പോൾ മുട്ടത്ത് എന്നിവർ പ്രസംഗിച്ചു. വിവിധ രംഗങ്ങളിലെ മികച്ച പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ചാക്കോ കാളംപറമ്പിൽ, ഡോ. പി. എം മത്തായി, ബേബി പെരുമാലിൽ, തോമസ് വലിയ പറമ്പൻ, സജീവ് പുരയിടം, ജേക്കബ് പുത്തൻപുരയ്ക്കൽ എന്നിവരെ യോഗത്തിൽ കർമശ്രേഷ്ഠ അവാർഡുകൾ നൽകി ആദരിച്ചു.

**സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ**
ഡയറക്ടർ, എ. കെ.സി.സി

# വികസനവേദി

## Caritas India Flood Recovery Project Workshop

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ മഴക്കെടുതി- വെള്ളപ്പൊക്ക മൂലം കഷ്ടത അനുഭവിക്കുന്നവർക്ക് സ്വയം തൊഴിൽ സംരഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുന്ന തിനാവശ്യമായ പരിശീലനം നല്കുന്ന വർക്ക്ഷോപ്പ് താമരശ്ശേരി രൂപതാ ഭവനിൽ വച്ച് നടന്നു. മലബാറിലെ അഞ്ച് രൂപതകളിൽ നിന്നുള്ള സോഷ്യൽ സർവ്വീസ് സൊസൈറ്റികളിലെ പ്രതിനിധികൾ പങ്കെടുത്ത പരിശീലനം തലശ്ശേരി സോഷ്യൽ സർവ്വീസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഉൽഘാടനം ചെയ്തു.

ഫാ. ജോസഫ് മുകളേപറമ്പിൽ, ഫാ. ജോർജ് ചെമ്പരത്തിയിൽ, ജോയ് കെ.സി. എന്നിവർ പ്രസംഗിച്ചു. കാരിത്താസ് കോർഡിനേറ്റർ മി.അബീഷ് ആന്റണി ക്ലാസ്സ് നയിച്ചു.

### സേഫ് സ്ററാൾ

ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കോമേഴ്സ് കോഴിക്കോട് ജൂബിലി ഹാളിൽ വച്ച് നടന്ന MSME Fest-ൽ സേഫ് സ്റ്റാൾ സംഘടിപ്പിച്ചു.

ദീപികയുടെ നേതൃത്വത്തിൽ താമരശ്ശേരി ചുങ്കത്തു വച്ച് നടത്തിയ കാർഷിക വിപണന മേളയിൽ സേഫ് സ്റ്റാൾ ജൈവ ഉൽപ്പന്നങ്ങളുമായി ശ്രദ്ധേയമായി. സി.ഒ.ഡി.യുടെ സ്വയം സഹായ സംഘങ്ങൾ നിർമ്മിച്ചു നല്കുന്ന ഉൽപ്പന്നങ്ങളാണ് സ്റ്റാളുകളിൽ പ്രദർശിപ്പിച്ചത്.

### പങ്കെടുത്തു

Indian Institute of Spices Research (IISR) ൽ വച്ചു നടന്ന Seminar on Good Agricultural Practices and Clean and Safe Spices സെമിനാറിൽ ഫാ. ജോസഫ് മുകളേപറമ്പിൽ, മി. മാർട്ടിൻ യേശുദാസ് എന്നിവർ സംബന്ധിച്ചു. IISR സയന്റിറ്റ്സ് സി.ഒ.ഡിയുടെ തെയ്യപ്പാറയിലുള്ള മോഡൽ ഫാമിലെ ഇഞ്ചി, മഞ്ഞൾ കൃഷി സന്ദർശിച്ചു.

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ ബത്തേരി രൂപതയുടെ സോഷ്യൽ സർവ്വീസ് സെന്ററിൽ വച്ചു നടന്ന Civil Soceity Empowerment Project Training workshop ൽ ഫാ. ജോർജ്ജ് ചെമ്പരത്തിയിൽ പങ്കെടുത്തു.

ബാംഗ്ളൂർ നിംഹാൻസിൽ വച്ചു നടന്ന Chidren in Conflict with Law കാവൽ പ്രൊജക്ട് ട്രയിനിംഗിലും തിരുവനന്തപുരത്തു വച്ച് നടന്ന വിലയിരുത്തൽ മീറ്റിംഗിലും മിസ്. സ്റ്റെനി. പി. ജോസഫ് പങ്കെടുത്തു.

### ക്രിസ്തുമസ്സ് ആഘോഷം

സി.ഒ.ഡി. സ്റ്റാഫ് അംഗങ്ങളുടെ നേതൃത്വത്തിൽ നടന്ന ക്രിസ്തുമസ്സ് ആഘോഷം അഭിവന്ദ്യ പിതാവ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉൽഘാടനം ചെയ്തു. സി.ഒ.ഡി.പ്രസിഡന്റ് മോൺ. ജോൺ ഒറവുങ്കര, ഫാ. ജോസഫ് മുകളേപറമ്പിൽ, ഫാ. ജോർജ്ജ് ചെമ്പരത്തിയിൽ, ഡോ. ചാക്കോ കാളംപറമ്പിൽ എന്നിവർ ആശംസകൾ നേർന്ന് പ്രസംഗിച്ചു.

**ഫാ. ജോസഫ് മുകളേപറമ്പിൽ**
ഡയറക്ടർ, വികസനവേദി

കവിത

# സുവിശേഷ ഭാഗ്യങ്ങൾ

ഫാ. ദേവസ്യ വലിയപറമ്പിൽ
ഗുഡ് ഷെപ്പേർഡ് പ്രീസ്റ്റ് ഹോം, മേരിക്കുന്ന്

മലയിൽ കയറിയ യേശുതൻ ചാരത്തായ്
ശിഷ്യന്മാരെല്ലാമൊന്നിച്ചു വന്നു.
അവനവരെ പഠിപ്പിച്ചിതേവിധം,
ആത്മാവിൽ ദരിദ്രൻമാർ ഭാഗ്യവാന്മാർ.
അപ്പോളവർക്കു ലഭിക്കുന്നതെന്തന്നോ?
സ്വർഗ്ഗരാജ്യമവർക്കുള്ളതത്രെ!
വിലപിക്കുന്നോരെല്ലാം ഭാഗ്യമിയന്നവർ,
അവർക്കെന്നുമൊരുപോലാശ്വാസം കിട്ടും.
ശാന്തശീലരുമതുപോൽ ഭാഗ്യം നേടും,
ഭൂമിയവകാശമായ് ലഭിക്കും.
വിശപ്പു, ദാഹമിവ നീതിക്കായാണങ്കി-
ലവർക്കും ഭാഗ്യം കിട്ടും സംതൃപ്തിയും.
കരുണകാണിപ്പോരും ഭാഗ്യവാൻമാർതന്നെ,
അവർക്കെന്നുമെന്നും കരുണകിട്ടും.
ഹൃദ്ശുദ്ധിയുള്ളോരും ഭാഗ്യവാൻമാർതന്നെ,
ദൈവത്തെ യവരെന്നും ദർശിച്ചീടും.
സമാധാനത്തിനായെത്നിപ്പോരും തഥാ,
ദൈവപുത്രൻമാരെന്നവർ തൻനാമം.
നീതിക്കായ് പീഡന മേല്ക്കുവോർക്കും ഭാഗ്യം,
സ്വർഗ്ഗരാജ്യമവർക്കും ലഭിക്കും.
എന്നെ പ്രതിനിങ്ങളവഹേളിതരാകയു-
മെന്നെ പ്രതി പീഡയേല്ക്കുമ്പോഴും;
പലവിധ തിൻമകൾ വ്യാജമായ്പറകയും,
അങ്ങിനെ ദുഃഖിതരാകുമ്പോഴും;
ഭാഗ്യവാൻമാർ നിങ്ങളാഹ്ളാദം കാട്ടുക,
സ്വർഗ്ഗത്തിൽ പ്രതിഫലം വലുതായീടും.
നിങ്ങൾക്കു മുൻപുള്ള പ്രവാചകരെയുമവർ,
പീഡിപ്പിച്ചിട്ടുണ്ടെന്നറിഞ്ഞീടുക.

* * * * *

# യേശുനിധി

യേശുനിധി ഫണ്ടിൽ നിന്ന് 21.12.2018 മുതൽ 20.01.2019 വരെ അനുവദിച്ച തുക

## വിദ്യാഭ്യാസം

| | | |
|---|---|---|
| 1 | കോടഞ്ചേരി | 10,000.00 |
| 2 | മുത്തപ്പൻപുഴ | 10,000.00 |
| 3 | മുത്തപ്പൻപുഴ | 10,000.00 |
| 4 | തോട്ടുമുക്കം | 5,000.00 |
| 5 | തോട്ടുമുക്കം | 5,000.00 |
| 6 | തോട്ടുമുക്കം | 5,000.00 |

## വീട്

| | | |
|---|---|---|
| 7 | അമലാപുരി | 10,000.00 |
| 8 | ചെമ്പനോട | 10,000.00 |
| 9 | ഈസ്റ്റ് ഹിൽ | 15,000.00 |
| 10 | കക്കയം | 10,000.00 |
| 11 | കല്ലാനോട് | 10,000.00 |
| 12 | കരികണ്ടൻപാറ | 10,000.00 |
| 13 | കോടഞ്ചേരി | 10,000.00 |
| 14 | കൂടത്തായ് | 10,000.00 |
| 15 | കൂമുള്ളി | 15,000.00 |
| 16 | കൂരാച്ചുണ്ട് | 6,000.00 |
| 17 | കുപ്പായക്കോട് | 10,000.00 |
| 18 | മുക്കം | 10,000.00 |
| 19 | മുക്കം | 10,000.00 |
| 20 | മുക്കം | 10,000.00 |
| 21 | മുതുകാട് | 10,000.00 |
| 22 | നെന്മേനി | 10,000.00 |
| 23 | പൂവാറൻതോട് | 10,000.00 |
| 24 | തിരുവമ്പാടി | 10,000.00 |

## ചികിത്സ

| | | |
|---|---|---|
| 25 | ചക്കിട്ടപാറ | 20,000.00 |
| 26 | കോടഞ്ചേരി | 8,000.00 |
| 27 | കോടഞ്ചേരി | 10,000.00 |
| 28 | കൂടത്തായ് | 7,000.00 |
| 29 | കൂമംകുളം | 10,000.00 |
| 30 | കൂമംകുളം | 5,000.00 |
| 31 | കൂരാച്ചുണ്ട് | 7,000.00 |
| 32 | കൂരാച്ചുണ്ട് | 10,000.00 |
| 33 | കുപ്പായക്കോട് | 15,000.00 |
| 34 | മഞ്ഞക്കുന്ന് | 5,000.00 |
| 35 | മഞ്ഞക്കുന്ന് | 10,000.00 |
| 36 | മരുതോങ്കര | 10,000.00 |
| 37 | പശുക്കടവ് | 10,000.00 |
| 38 | പശുക്കടവ് | 10,000.00 |
| 39 | പെരുവണ്ണാമൂഴി | 10,000.00 |
| 40 | പൂതംപാറ | 15,000.00 |
| 41 | താമരശ്ശേരി | 7,000.00 |
| 42 | തിരുവമ്പാടി | 8,000.00 |
| 43 | വാളൂക്ക് | 10,000.00 |
| 44 | വിളക്കാംതോട് | 15,000.00 |
| 45 | വിളക്കാംതോട് | 15,000.00 |

## വിവാഹം

| | | |
|---|---|---|
| 46 | ഈസ്റ്റ് ഹിൽ | 10,000.00 |
| 47 | ഈസ്റ്റ് ഹിൽ | 10,000.00 |
| 48 | കല്ലാനോട് | 10,000.00 |
| 49 | കരിമ്പ് | 10,000.00 |
| 50 | കരിങ്ങാട് | 15,000.00 |
| 51 | മാലാപറമ്പ് | 15,000.00 |
| 52 | മാവൂർ | 15,000.00 |
| 53 | വിലങ്ങാട് | 7,000.00 |

**ആകെ തുക 5,40,000.00**

**ഫാ. ജെയിംസ് കുഴിമറ്റത്തിൽ**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## ജനുവരി 2019

01 രാവിലെ കണ്ണോത്ത് ഇടവകയിൽ സി.എസ്.ടി. സന്യാസസമൂഹത്തിനുവേണ്ടി വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ജോസഫ് കാരക്കാട്ടിന് പൗരോഹിത്യ പട്ടം നൽകി.

കണ്ണോത്ത് ഇടവകയിൽ പരേതനായ വല്യാനിക്കൽ വർക്കിയുടെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പരേതനുവേണ്ടി പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ് തോട്ടുമുക്കം ഫൊറോന ദൈവാലയത്തിൽ ഒരു ദമ്പതികളുടെ വിവാഹത്തിന്റെ രജതജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് അവർക്ക് ആശംസകൾ നേർന്നു.

02 രാവിലെ ആനക്കാംപൊയിൽ ഇടവകയിൽ എം.സി.ബി.എസ്. സന്യാസസമൂഹത്തിനുവേണ്ടി വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ജോസഫ് കോലഞ്ചേരിക്ക് പൗരോഹിത്യ പട്ടം നൽകി.

ഉച്ചകഴിഞ്ഞ് ചെമ്പുകടവ് ഇടവകയിൽ എം.സി.ബി.എസ്. സന്യാസസമൂഹത്തിനുവേണ്ടി വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ജോർജ് വട്ടപ്പലത്തിന് പൗരോഹിത്യ പട്ടം നൽകി.

വൈകുന്നേരം കൂടരഞ്ഞി സി.എം.സി. സന്യാസിനിഭവനത്തിൽ വി. ചാവറ കുര്യക്കോസ് ഏലിയാസിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

03 രാവിലെ കൂരാച്ചുണ്ട് ഇടവകയിൽ എം.സി.ബി.എസ്. സന്യാസസമൂഹത്തിനുവേണ്ടി വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ മൈക്കിൾ കപ്പിലുമാക്കലിന് പൗരോഹിത്യ പട്ടം നൽകി.

04 വൈകുന്നേരം ദീപിക ദിനപത്രത്തിന്റെ ആഭിമുഖ്യത്തിൽ താമരശ്ശേരിയിൽ നടന്ന കാർഷികമേളയുടെ സ്റ്റാളുകൾ സന്ദർശിച്ച് ഒരുക്കങ്ങൾ വിലയിരുത്തി.

05 രാവിലെ പാറോപ്പടി ഫൊറോന ദൈവാലയത്തിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിനും മറ്റൊരു കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിനും പ്രാരംഭകൂദാശകൾ നൽകി. തുടർന്ന് പ്രഥമ ദിവ്യകാരുണ്യം സ്വീകരിക്കുന്ന കുട്ടികൾക്കായി വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

വൈകുന്നേരം പേരാമ്പ്ര ഇടവക തിരുനാളിനോടനുബന്ധിച്ച് വി.

കുർബാനയർപ്പിക്കുകയും പുതുക്കിയ ദൈവാലയം പുനർകൂദാശ ചെയ്യുകയും ചെയ്തു.

06 രാവിലെ വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ പ്രഥമ വികാരിയായിരുന്ന ബഹു. ജോർജ് ചിറയിലച്ചനോടൊപ്പം അദ്ദേഹത്തിന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് ആശംസകൾ നേർന്നു.

വൈകുന്നേരം ചക്കിട്ടപാറ ഇടവക കൺവെൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

താമരശ്ശേരിയിൽ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി എവറോളിംഗ് ട്രോഫിയ്ക്കുവേണ്ടിയുള്ള സെവൻസ് ഫുട്ബോൾ മത്സരം ഉദ്ഘാടനം ചെയ്തു.

07-18 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ ബിഷപ്സ് സിനഡിൽ സംബന്ധിച്ചു.

13 ഉച്ചകഴിഞ്ഞ് പാലാ രൂപതയിലെ കുണിഞ്ഞി ഇടവകയുടെ ശതാബ്ദിയോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

19 രാവിലെ പാതിരിക്കോട് ഇടവക തിരുനാളിനോടുനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്ന് നവീകരിച്ച സിമിത്തേരിയും കപ്പേളയും വെഞ്ചരിക്കുകയും ചെയ്തു.

മാലാപറമ്പ് ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

ഉച്ചകഴിഞ്ഞ് മാങ്കാവ് ഇടവക സ്ഥാപനത്തിന്റെ രജതജൂബിലി സമാപനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

20 രാവിലെ ബാലുശ്ശേരി ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് പുതുതായി നിർമ്മിച്ച കൊടിമരം വെഞ്ചരിച്ചു.

കുളത്തുവയൽ ഇടവക തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് കുളത്തുവയൽ എം.എസ്.എം.ഐ. ജനറലേറ്റിൽ പുതുതായി നിർമ്മിച്ച കെട്ടിടം വെഞ്ചരിച്ചു.

വൈകുന്നേരം താമരശ്ശേരി രൂപതാഭവനിൽ നവവൈദികർക്ക് നൽകിയ സ്വീകരണത്തിൽ സംബന്ധിച്ച് അവർക്ക് അനുമോദനങ്ങൾ നേർന്നു.

21 രാവിലെ കുണ്ടുതോട് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

21-24 ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ റോമിലെ വിശ്വാസ തിരുസംഘത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദൈവശാസ്ത്ര സെമിനാറിൽ സംബന്ധിച്ചു.

25 രാവിലെ മഞ്ഞക്കുന്ന് ഇടവക തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും തുടർന്ന് സെമിത്തേരി ചാപ്പൽ വെഞ്ചരിക്കുകയും ചെയ്തു.

കുളത്തുവയൽ എം.എസ്.എം.ഐ. ജനറലേറ്റിൽ സന്യാസാർത്ഥിനികൾക്ക് ക്ലാസ്സെടുത്തു.

ഉച്ചകഴിഞ്ഞ് കല്ലാനോട് നടക്കുന്ന ഫാ. ജോർജ് വട്ടുകുളം മെമ്മോറിയൽ ഫുട്ബോൾ മത്സരം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം താമരശ്ശേരി അൽഫോൻസ സീനിയർ സെക്കണ്ടറി സ്കൂളിന്റെ വാർഷികാഘോഷത്തിൽ അദ്ധ്യക്ഷത വഹിച്ചു.

26 രാവിലെ പാറോപ്പടി ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ് ചാത്തൻകോട്ടുനട ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

വൈകുന്നേരം മാനന്തവാടി രൂപതയിലെ കുറുമ്പാലക്കോട്ട ഇടവക തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

27 ബൽത്തങ്ങാടി രൂപതയിലെ കുട്ടർപ്പാടി ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

28 ഉച്ചകഴിഞ്ഞ് ചേവരമ്പലം സ്റ്റാർട്ടിൽ ബഹു. ജോർജ് പൈമ്പിള്ളിയിലച്ചന്റെ പൗരോഹിത്യ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും തുടർന്ന് നടന്ന അനുമോദന സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

29 രാവിലെ ചെമ്പുകടവ് ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്യാസ സ്വീകരണത്തിന്റെ സുവർണ്ണജൂബിലിയാഘോഷിക്കുന്ന തിരുഹൃദയ സമൂഹാംഗമായ ബഹു. സി. കൊച്ചുത്രേസ്യായ്ക്ക് അനുമോദനങ്ങൾ നേർന്നു.

30 രാവിലെ ചമൽ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

താമരശ്ശേരി രൂപതാഭവനിൽ നടന്ന ഫൊറോന വികാരിമാരുടെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

ഉച്ചകഴിഞ്ഞ് കൂടരഞ്ഞി ഹയർസെക്കണ്ടറി സ്കൂളിന്റെ 20-ാം വാർഷികാഘോഷ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും തുടർന്ന് സ്കൂളിന്റെ ആഭിമുഖ്യത്തിൽ നിർമ്മിച്ചു നൽകിയ ഭവനം വെഞ്ചരിക്കുകയും ചെയ്തു.

വൈകുന്നേരം ആനക്കാംപൊയിലിൽ നടന്ന കർഷകരക്ഷ റാലിയും പൊതുയോഗവും ഉദ്ഘാടനം ചെയ്തു.

31 രാവിലെ താമരശ്ശേരി രൂപതാഭവനിൽ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ പ്രധാനാദ്ധ്യപകരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ് കൂടത്തായി സെന്റ് മേരീസ് ഹൈസ്കൂളിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം മാമ്പറ്റ ഡോൺ ബോസ്കോ സന്യാസസമൂഹത്തിന്റെ മദ്ധ്യസ്ഥന്റെ തിരുനാളിനോടനുബന്ധിച്ച് നടത്തിയ ആഘോഷങ്ങളിൽ സംബന്ധിച്ചു.





# POPE FRANCIS



## *JOY AND A SENSE OF HUMOUR*

122. Far from being timid, morose, acerbic or melancholy, or putting on a dreary face, the saints are joyful and full of good humour. Though completely realistic, they radiate a positive and hopeful spirit. The Christian life is "joy in the Holy Spirit" (*Rom* 14:17), for "the necessary result of the love of charity is joy; since every lover rejoices at being united to the beloved… the effect of charity is joy". Having received the beautiful gift of God's word, we embrace it "in much affliction, with joy inspired by the Holy Spirit" (*1 Thess* 1:6). If we allow the Lord to draw us out of our shell and change our lives, then we can do as Saint Paul tells us: "Rejoice in the Lord always; I say it again, rejoice!" (*Phil* 4:4).

125. Hard times may come, when the cross casts its shadow, yet nothing can destroy the supernatural joy that "adapts and changes, but always endures, even as a flicker of light born of our personal certainty that, when everything is said and done, we are infinitely loved". That joy brings deep security, serene hope and a spiritual fulfillment that the world cannot understand or appreciate.

126. Christian joy is usually accompanied by a sense of humour. We see this clearly, for example, in Saint Thomas More, Saint Vincent de Paul and Saint Philip Neri. Ill humour is no sign of holiness. "Remove vexation from your mind" (*Eccl* 11:10). We receive so much from the Lord "for our enjoyment" (*1 Tim* 6:17), that sadness can be a sign of ingratitude. We can get so caught up in ourselves that we are unable to recognize God's gifts.

(From *Gaudete et Exsultate*)